# ക്രിസ്ത്യൻ വേൾഡ്

ക്രൈസ്തവ മാധ്യമം

2018 ഏപ്രിൽ 1 | വാല്യം 13 | ലക്കം 4 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8


## ദേശീയ പ്രാർത്ഥനാദിനം

**ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സഭയുടെ പാസ്റ്റർ തിരുവല്ലയിൽ**



# ഡോ. സതീഷ്കുമാർ പങ്കെടുക്കുന്നു

തിരുവല്ല: ദേശീയ പ്രാർത്ഥനാ ദിനത്തിൽ വിശ്വാസ സമൂഹം ഒത്തു ചേരുമ്പോൾ അതിഥിയായി എത്തുന്നവരിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സഭയുടെ പാസ്റ്റർ സതീഷ് കുമാറും. പ്രാർത്ഥനകളിൽ പങ്കെടുക്കാനുള്ള താൽപര്യം വിളിച്ചറിയിച്ചാണ് സതീഷ് കുമാർ പങ്കെടുക്കുന്നത്. ഞായറാഴ്ചകളിൽ ഒന്നേമുക്കാൽ ലക്ഷത്തിൽ അധികം വിശ്വാസികൾ ആരാധനയിൽ പങ്കെടുക്കുന്ന ഹൈദരാബാദിലെ കാൽവറി ടെമ്പിൾ സഭയുടെ പാസ്റ്ററാണ് ഇദ്ദേഹം. കൊറിയയിൽ യോംഗി ചോയുടെ സഭയാണ് ലോകത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭ. സംസ്ഥാനത്തെ എല്ലാ പെന്തെക്കോസ്ത് സഭാ നേതാക്കളും മുൻകൈ എടുത്ത് നടത്തുന്ന ദേശീയ പ്രാർത്ഥനാ ദിനം ഏപ്രിൽ 10 ചൊവ്വാഴ്ച രാവിലെ എട്ടു മുതൽ രാത്രി എട്ടു വരെ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കും.

തെലങ്കാനയിലെ ഹൈദരാബാദിൽ കുക്കുടപ്പള്ളിയിൽ 2005 ൽ 25 പേരുമായി കാൽവറി ടെമ്പിൾ എന്ന സഭ സ്ഥാപിക്കുമ്പോൾ സതീഷ് കുമാറിന് പ്രായം 23 വയസ് മാത്രം. കൃത്യമായ ദൈവാലോചനയുടെ പിൻബലത്തിൽ വലിയൊരു വിശ്വാസ സമൂഹത്തിനായി പ്രാർത്ഥിച്ച് ആരംഭിച്ച കാൽവറി ടെമ്പിളിൽ ഇന്ന് 195000 സ്ഥിരാംഗങ്ങളുണ്ട്.

പന്ത്രണ്ടാം വയസിൽ ഹിന്ദു വിശ്വാസത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് ക്രിസ്തുവിനെ സ്വീകരിച്ച് ഇറങ്ങിത്തിരിച്ച സതീഷ് 18-ാം വയസിൽ ക്രിസ്തുവിനെ പ്രസംഗിച്ചു തുടങ്ങി. 21-ാം വയസിൽ ആരംഭിച്ച ടീം കാൽവറി യൂത്ത് മിഷൻ പ്രവർത്തനങ്ങളാണ് സഭാ രൂപീകരണത്തിനും വളർച്ചയ്ക്കും അടിത്തറയായത്.

ലളിതമായ സുവിശേഷ ഭാഷണമാണ് സതീഷ് കുമാറിന്റെ പ്രഭാഷണത്തിന്റെ പ്രത്യേകത. കഥകളിലൂടെയും അനുഭവങ്ങളിലൂടെയും വചന പ്രഭാഷണം നടത്തുന്ന ഇദ്ദേഹത്തിന്റെ ക്രൂസേഡുകളിൽ പതിനായിരങ്ങൾ തടിച്ചു കൂടി. 35000 പേരിലധികം ഒരേ സമയം പങ്കെടുക്കുന്ന വിവിധ സെഷനുകളായാണ് ഇവിടെ ആരാധന നടക്കുന്നത്. വേദപുസ്തക അടിസ്ഥാനത്തിലുള്ള ആരാധയിലേയ്ക്ക് ആയിരങ്ങൾ വന്നു തുടങ്ങിയതോടെ ലോകത്തിലെ അതിവേഗം വളരുന്ന സഭകളിൽ ഒന്നായി മാറിയിരിക്കുകയാണ് കാൽവറി ടെമ്പിൾ

കേരളത്തിൽ പെന്തെക്കോസ്ത് സഭകളുടെ നേതൃത്വത്തിൽ ദേശീയ പ്രാർത്ഥനാ ദിനം ആചരിക്കുന്നതറിഞ്ഞ് സതീഷ് കുമാർ തന്നെയാണ് പങ്കെടുക്കാനുള്ള താൽപര്യം സംഘാടകരെ അറിയിച്ചത്.

രാജ്യം പുരോഗതി പ്രാപിക്കുന്നതിനും മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ വർധിച്ചു വരുന്ന അസഹിഷ്ണതയ്ക്കും സുവിശേഷ വിരുദ്ധ പ്രവർത്തനങ്ങൾക്കും എതിരെയാണ് ദേശീയ പ്രാർത്ഥനാ ദിനം സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തിനു വേണ്ടി ഇടുവിൽ നിൽക്കാൻ ഒരു ദിനം എന്ന മുദ്രാവാക്യം ഉയർത്തിയാണ് ദേശീയ പ്രാർത്ഥനാ ദിനത്തിനായി വിശ്വാസികൾ തയാറെടുക്കുന്നത്.

## ഐപിസി സൺഡേസ്കൂൾ ജനറൽ ക്യാമ്പ് കോട്ടയത്ത്

### ഏപ്രിൽ 30 ന് രാവിലെ 10 ന് ഉദ്ഘാടനം

കുമ്പനാട്: ഐപിസി സൺഡേസ്കൂൾസ് അസോസിയേഷൻ ജനറൽ ക്യാംപ് 'സ്പിരിച്ചൽ എൻലൈറ്റൻമെന്റ് ക്യാംപ്' ഏപ്രിൽ 30 – മെയ് രണ്ട് വരെ കോട്ടയം ഐപിസി തിയോളജിക്കൽ സെമിനാരിയിൽ നടക്കും.

രാവിലെ 9 ന് രജിസ്ട്രേഷൻ തുടങ്ങും. 10 ന് ഉദ്ഘാടന സമ്മേളനം നടക്കും. കുട്ടികൾക്കും, കൗമാരക്കാർക്കും, അധ്യാപകർ/രക്ഷിതാക്കൾ എന്നിവർക്കായി മൂന്ന് സെഷനുകൾ ഒരേ സമയം നടക്കും. അതത് രംഗത്ത് പ്രാവിണ്യമുള്ളവർ ക്ലാസുകൾ നയിക്കും.

15-ാം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം മെയ്

(ശേഷം പേജ് 5)



പുനലൂരിൽ ദേശീയ പ്രാർത്ഥനാ ദിനത്തിന്റെ പ്രൊമോഷണൽ കൺവൻഷൻ റവ. ഡോ. പി.എസ്. ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

## ദേശീയ പ്രാർത്ഥനാദിനം നമ്മുടെ കുടുംബസംഗമം: റവ. ഡോ. പി.എസ്. ഫിലിപ്പ്

പുനലൂർ: വിവിധ പെന്തെക്കോസ്ത് സഭാ പ്രസ്ഥാനങ്ങൾ വ്യത്യസ്തമായ പേരുകളിൽ ഭരണസൗകര്യത്തിനായി നിലകൊള്ളുമ്പോഴും നാം ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. നാം പ്രാർത്ഥനക്കായി ഒന്നിച്ചുകൂടുന്നതിൽ ഏറ്റവുമധികം സന്തോഷിക്കുന്നത് സ്വർഗീയ പിതാവായിരിക്കും. ഇത് നമ്മുടെ കുടുംബ സംഗമമാണ് റവ. ഡോ. പി.എസ്. ഫിലിപ്പ് പറഞ്ഞു. പുനലൂരിൽ ദേശീയ പ്രാർത്ഥനാ ദിനത്തിന്റെ പ്രൊമോഷണൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എ.ജി. മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന്റെ ആദ്യ പൊതുപരിപാടിയായിരുന്നു ഇത്. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ അദ്ധ്യക്ഷത വഹിച്ചു. ബ്രദർ പി.വി. കുട്ടപ്പൻ സ്വാഗതം പറഞ്ഞു.

പെന്തെക്കോസ്തിന്റെ ശക്തി ആചാരമോ അനുഷ്ഠാനമോ അല്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. പെന്തെക്കോസ്തിന്റെ ആരംഭം ആത്മ ശക്തിയിലാണ്. നമുക്ക് നല്ല ആരാധനാലയങ്ങളോ, സെമിത്തേരിയോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ദൈവം നമ്മുടെ പിതാക്കന്മാരുടെ പ്രാർത്ഥനകേട്ട് നമ്മെ ധാരാളമായി അനുഗ്രഹിച്ചു.

ശലോമോൻ ആലയം പണിതെങ്കിൽ അതിന്റെ പുറകിൽ പ്രാർത്ഥിച്ച ഒരു പിതാവുണ്ടായിരുന്നു. ഇന്നത്തെ നമ്മുടെ വളർച്ചയ്ക്കെല്ലാം പിറകിൽ കണ്ണീരോടെ പ്രാർത്ഥിച്ച നൂറുകണക്കിന് മാതാപിതാക്കളുണ്ട്. പി.എസ്. ഫിലിപ്പ് തുടർന്നു.

ശലോമോൻ മുട്ടിന്മേൽ നിന്ന് കരം ഉയർത്തി പ്രാർത്ഥിച്ചപ്പോൾ ദൈവം യാഗപീഡത്തിന്മേൽ അഗ്നി അയച്ചു. ആലയം പണിതതുകൊണ്ടോ യാഗം അർപ്പിച്ചതു

(ശേഷം പേജ് 5)

## പാസ്റ്റർ വി.റ്റി. എബ്രഹാമിന്റെ മകൾ ബ്യൂല മരണമടഞ്ഞു



റിയാദ്: സതേൺ എ.ജി സൂപ്രണ്ടും മലബാർ ഡിസ്റ്റിക് സൂപ്രണ്ടന്റുമായ പാസ്റ്റർ വി.റ്റി. എബ്രഹാമിന്റെ മകൾ ബ്യൂല (36) ഏപ്രിൽ രണ്ടിനു റിയാദിൽവെച്ചു മരണമടഞ്ഞു. താഴ്ന്ന രക്തസമ്മർദ്ദവും പൊടിക്കാറ്റ് നിമിത്തമുള്ള ശ്വാസതടസ്സവും നിമിത്തം കഴിഞ്ഞ ആഴ്ച ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് റിയാദിലെ ഭവനത്തിൽ വിശ്രമത്തിലായിരുന്നു. എന്നാൽ പെട്ടന്നുണ്ടായ അസ്വസ്ഥതകൾ മൂലം വീണ്ടും തിങ്കളാഴ്ച വെന്റിലേറ്ററിലേക്കു മാറ്റി. താഴ്ന്ന രക്തസമ്മർദ്ദമാണ് മരണകാരണം. തൃശ്ശൂർ ആൽപ്പാറ ഇടപ്പാറ വീട്ടിൽ ബിജു ഐസക്കാണ് ഭർത്താവ്. മക്കൾ: ജോവൽ, ജെറോം. ദുഃഖത്തിലായിരിക്കുന്ന കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ വേൾഡ്
1193 മീനം - മേടം



## പ്രാർഥനയ്ക്കായി ഒത്തുചേരാം

പെന്തെക്കോസ്തു സഭകൾ ഇന്ന് വളർന്ന വലിയ പ്രസ്ഥാനമായിക്കഴിഞ്ഞു. എന്നാൽ സഭയുടെ ആരംഭത്തിൽ ഉണ്ടായിരുന്ന വിശുദ്ധിയോ വേർപാടോ ഇന്നു നമുക്ക് അന്യം നിന്നുപോയതുപോലെയായിരിക്കുന്നു. പണ്ടത്തെപ്പോലെ ഇല്ലായ്മയും വേവലാതികളുമൊന്നും ഇന്നു പലർക്കും ഇല്ല. ദൈവത്തോടു കരഞ്ഞ് പ്രാർഥിച്ച് ദൈവം കരുണതോന്നി മറുപടി തന്നു കഴിഞ്ഞപ്പോൾ പല പെന്തെക്കോസ്തുകാർക്കും ഇപ്പോൾ ദൈവത്തെ ആവശ്യമില്ലാതായിരിക്കുന്നു.

നമ്മുടെ താത്പര്യങ്ങൾക്കുവേണ്ടി ദൈവത്തെ ഉപയോഗിക്കുന്ന സ്വാർഥന്മാരായി പലരും മാറിക്കഴിഞ്ഞു. നമ്മുടെ രാജ്യത്ത് സുവിശേഷ സ്വാതന്ത്ര്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. പല സുവിശേഷകരും ക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർഥന വളരെ ആവശ്യമായിരിക്കുന്ന നാളുകളിലേക്കു നാം എത്തിക്കഴിഞ്ഞിരിക്കുന്നു.

പെന്തെക്കോസ്തു നേതാക്കന്മാർ ആഹ്വാനം ചെയ്ത്, ദൈവജനം പ്രാർഥനയ്ക്കായി ഏപ്രിൽ 10നു തിരുവല്ലയിൽ ഒത്തുചേരുന്നു എന്നത് പെന്തെക്കോസ്തുചരിത്രത്തിൽ തന്നെ പ്രഥമ സംരംഭമെന്ന നിലയിൽ വളരെ പ്രതീക്ഷയോടെ വിശ്വാസികൾ ഇതിനെ നോക്കിക്കാണുന്നു. സഭ ഒന്നോടെ പ്രാർഥനയ്ക്കായി ഒത്തുചേരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ ഭാരതത്തിനായി, സുവിശേഷകർക്കായി നാം കണ്ണുനീരോടെ പ്രാർഥിക്കേണ്ടിയിരിക്കുന്നു. ഇന്നും ഭാരതത്തിൽ ലക്ഷക്കണക്കിനു ജനങ്ങൾ യേശു എന്ന നാമം കേട്ടിട്ടുപോലുമില്ല എന്നത് നമ്മുടെ പ്രാർഥനയും പ്രവർത്തനങ്ങളും എവിടെയെത്തി എന്നത് വിചിന്തനം ചെയ്യാൻ പ്രേരിപ്പിക്കുന്നതാണ്. ഏത് പ്രതിസന്ധിയെയും തരണം ചെയ്യാൻ നമുക്ക് പ്രാർഥനമാത്രമാണ് ആയുധം. സാത്താൻ ഭയക്കുന്നത് നമ്മുടെ പ്രാർഥനയെയാണ്. നാം പ്രാർഥനയ്ക്കായി സമയം വേർതിരിക്കുമ്പോൾ എങ്ങനെയും അതിനു തടയിടാൻ സാത്താൻ ശ്രമിക്കും.

ഭാരതത്തിന്റെ ഉണർവിനായി നമുക്കു പ്രാർഥിക്കാം. സുവിശേഷവേലയെ ഗൗരവമായി കാണാത്തതിനാലും അതിനായി വേണ്ടതുപോലെ ഒരുങ്ങാത്തതിനാലുമാണ് ഇന്ന് ഉണർവുകൾ ഭാരതത്തിൽ നടക്കാത്തത്.

യഥാർഥ ഉണർവ് അരങ്ങേറുമ്പോൾ സുവിശേഷവേലയ്ക്കുവേണ്ടി യുവജനങ്ങൾ അത്യപൂർവമായ സമർപ്പണത്തോടുകൂടി മുന്നോട്ടുവരും. 'സുവിശേഷവേലയ്ക്കുവേണ്ടി ആർ സമർപ്പിക്കും?' എന്നൊന്നും അലറിവിളിച്ചുചോദിക്കേണ്ട ആവശ്യം സംഘാടകർക്കു വരികയില്ല. സുവിശേഷവേലയ്ക്ക് ആരും അഭ്യർഥിക്കാതെതന്നെ യുവജനങ്ങൾ ഒഴുകിയെത്തും. സുവിശേഷകർ ഇല്ലാതിരുന്ന പ്രദേശങ്ങളും സഭകളും സുവിശേഷകരെക്കൊണ്ടു നിറഞ്ഞുകവിയും. രക്ഷിക്കപ്പെടുന്ന ബുദ്ധിജീവികളുടെ എണ്ണത്തിന് കണക്കുണ്ടാകയില്ല. വചനം കേൾക്കുമ്പോൾ ഹൃദയത്തിൽ കുത്തുകൊണ്ട് ദൈവസഭയുടെ അംഗങ്ങളായി മാറും. ഉണർവിനായി കാംക്ഷിക്കുന്ന നമ്മുടെ കരങ്ങൾ ശുദ്ധവും നിർമലവും ദൈവനാമമഹത്വവും, ഹൃദയം സ്നേഹത്തിലും ഐക്യതയിലും വിശുദ്ധിയിലും അധിഷ്ഠിതവുമാണെങ്കിൽ കർത്താവ് ഉണർവിൻകാറ്റിനെ ശക്തിയായി സഭയിലേക്ക് അയയ്ക്കുകതന്നെ ചെയ്യും.

നമ്മുടെ രാജ്യത്ത് ഒരു ഉണർവ് ഉണ്ടാകുവാൻ പോകുന്നത് വിശ്വാസത്താൽ കണ്ട് അതിനായി പ്രാർഥിക്കാൻ നമുക്ക് ഒത്തുചേരാം. ദൈവജനം ഒന്നിച്ചുനിന്നാൽ ഒരു ശക്തിക്കും നമ്മെ കീഴ്പ്പെടുത്താൻ സാധിക്കില്ല. നമുക്കൊരുമിക്കാം, പ്രാർഥിക്കാം.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.

# ദാനിയേലിന് ലഭിച്ച പരിശീലനം



റവ. ഡോ. ഇട്ടി ഏബ്രഹാം

**ദൈവിക പ്രമാണങ്ങൾക്ക് കീഴ്പ്പെടാൻ നാം ദാനിയേലിന്റെ പാത പിൻപറ്റണം. അനുരഞ്ജനങ്ങളിൻ മേലല്ല നാം വിജയം കൈക്കൊള്ളുന്നത്. ദുരുപദേശങ്ങളോടും ലോകത്തോടും അനുരഞ്ജനപ്പെട്ടാൽ ലോകം നമ്മെ പുകഴ്ത്തും.**

നെബൂഖദ്നേസർ യെരുശലേം ആക്രമിച്ചു; മതിൽ ഇടിച്ച് തീക്കിരയാക്കി; ദൈവാലയം ചുട്ടു; നിവാസികളെ പ്രവാസികളാക്കി ബാബേലിലേക്ക് കൊണ്ടുപോയി. കൂട്ടത്തിൽ ദാനിയേലും കൂട്ടരുമുണ്ടായിരുന്നു. അവർ നെബൂഖദ്നേസറിന്റെ കൊട്ടാരത്തിലെത്തി. രാജപരിചാരകരായി അവർക്കവിടെ പരിശീലനം ലഭിച്ചു.

എന്നാൽ രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു. തനിക്കു അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്ന് ഷണ്ഡാധിപനോട് അപേക്ഷിച്ചു. (ദാനി. 1:8)

ഇപ്പോൾ ദാനിയേൽ യഹൂദയിലല്ല; ബാബേലിലാണ്. തെക്കേ രാജ്യമായ യഹൂദയിൽ യോശിയാവിന്റെ കാലത്തുണ്ടായ ഉണർവിന്റെ കാലത്തായിരുന്നു ദാനിയേൽ വളർന്നത്. ന്യായപ്രമാണം കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ യോശിയാവിന്റെ കാലത്ത് വലിയ ഉണർവുണ്ടായി. ഈ ഉണർവ് ദാനിയേലിനെയും സ്നേഹിതന്മാരെയും സ്വാധീനിച്ചു. ഭാവിയിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ഒരുക്കദിനങ്ങളായിരുന്നു ഇത്. ദാനിയേലിനെ ഈ ഉണർവിലൂടെ ദൈവം ഒരുക്കുകയായിരുന്നു. ബാബേലിൽ രാജകൊട്ടാരത്തിൽ സേവകരായി നാലു ബാലന്മാർ എത്തിയത് വെറും യാദൃച്ഛികമായിരുന്നില്ല. ഭക്തരായ സ്ത്രീപുരുഷന്മാരെ ദൈവം തന്റെ ഉദ്ദേശത്തിനായി തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നത് അത്ഭുതകരമാണ്. പോരാളികൾ എപ്പോഴും സ്വയംപരിശീലകരല്ല. അവർക്കെപ്പോഴുമൊരു പരിശീന കളരിയുണ്ട്. മിടുക്കരായ ഓരോ കായികതാരങ്ങൾക്കു പിന്നിലും വിദഗ്ധരായ പരിശീലകരുണ്ടാകും.

ദാനിയേൽ പറഞ്ഞു: ഞാൻ എന്നെ തന്നെ അശുദ്ധനാക്കയില്ല. ഇല്ല എന്നു പറയാൻ ദാനിയേൽ ആർജ്ജവം കാണിച്ചു. ദൈവിക പ്രമാണങ്ങൾക്ക് കീഴ്പ്പെടാൻ നാം ദാനിയേലിന്റെ പാത പിൻപറ്റണം. അനുരഞ്ജനങ്ങളിൻ മേലല്ല നാം വിജയം കൈക്കൊള്ളുന്നത്. ദുരുപദേശങ്ങളോടും ലോകത്തോടും അനുരഞ്ജനപ്പെട്ടാൽ ലോകം നമ്മെ പുകഴ്ത്തും. മനുഷ്യർ നമ്മുടെ അടുക്കൽ വരികയും അഭിനന്ദിക്കുകയും ചെയ്യുന്നതല്ല അവസാനത്തെ സംഗതി. അനുരഞ്ജന മാർഗ്ഗം സ്വീകരിച്ചവർക്കുണ്ടായ ദുരന്തങ്ങളെക്കുറിച്ച് വേദപുസ്തകത്തിലുടനീളം കാണാം. നാമും അനുരഞ്ജനമാണ് തേടുന്നതെങ്കിൽ സംഭവിക്കുന്നത് വലിയ നഷ്ടമായിരിക്കും.

### വാസ്തവത്തിൽ എന്താണ് അനുരഞ്ജനം?

ആദാം ദൈവവചനത്തിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറായി. ഭാര്യയുടെ പാപത്തിനു പങ്കാളിയാവുകയും പറുദീസ നഷ്ടമാക്കുകയും ചെയ്തു.

സത്യത്തോട് വീട്ടുവീഴ്ച ചെയ്ത അബ്രഹാം ഭാര്യയെ സംബന്ധിച്ച് കളവ് പറഞ്ഞതിനാൽ ഭാര്യ തനിക്കു നഷ്ടപ്പെടുന്ന അവസ്ഥയിലെത്തി. ഏശാവ് അല്പം ഭക്ഷണത്തിനുവേണ്ടി വിട്ടുവീഴ്ചയ്ക്കു തയ്യാറായി തന്റെ ജ്യേഷ്ഠവകാശം നഷ്ടമാക്കി.

അഹരോൻ തന്റെ വിശ്വാസത്തെ വിഗ്രഹാരാധനയ്ക്ക് വിട്ടുവീഴ്ച ചെയ്തതിനാൽ കനാനിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല.

- ശിംശോൻ തന്റെ നാസീർവ്രതത്തെ അലക്ഷ്യമാക്കിയതിനാൽ അവന്റെ ശക്തിയും കാഴ്ചയും ജീവനും നഷ്ടമായി.
- ദാവീദ് ദൈവികമായ ധാർമ്മികത നഷ്ടമാക്കി ബേദ്ശേബയുമായി വ്യഭിചാരവൃത്തിയിൽ ഏർപ്പെട്ടതിനാൽ ഊരിയാവിനെ കൊല്ലുകയും തന്റെ മകൻ നഷ്ടമാവുകയും ചെയ്തു.
- ശലോമോൻ തന്റെ വിശ്വാസം ത്യജിച്ച് വിജാതീയ സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കുകയും ചെയ്ത് വീട്ടുവീഴ്ചയ്ക്ക് തയ്യാറായതിനാൽ തന്റെ ഏകീകൃത രാഷ്ട്രം നഷ്ടമായി.
- അഹാബ് ഇസബേലിനെ വിവാഹം ചെയ്യുന്നതിനായി വിട്ടുവീഴ്ചയ്ക്ക് തയ്യാറായതിനാൽ തനിക്കു സിംഹാസനം നഷ്ടമാക്കി.
- അനന്യാസും സഫീറയും ദൈവത്തിനു കൊടുക്കുന്ന കാര്യത്തിൽ ഒളിച്ചുകളി നടത്താൻ ഒന്നിച്ചതിനാൽ അവർക്കവരുടെ ജീവൻ നഷ്ടമായി.
- യൂദാസ് വെള്ളിക്കാശിന് ഗുരുവിനെ ഒറ്റുകൊടുക്കാൻ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുകയും ചെയ്തതിലൂടെ നിത്യജീവൻ നഷ്ടമായി.

ഒടുവിൽ യെഹോയാക്കിമിന് എന്തു സംഭവിച്ചു? മിസ്രയിമ്യ സൈന്യത്തോടു ചേർന്ന് ഒരു സൈനികസഖ്യമുണ്ടാക്കി നെബൂഖദ്നേസറിന് കീഴടങ്ങി.

അക്കാലത്ത് വിലപിക്കുന്ന ഒരു പ്രവാചകൻ ഉണ്ടായിരുന്നു. ആ പ്രവാചകന്റെ പേര് യിരെമ്യാവ് എന്നായിരുന്നു. യിരെമ്യാവ് പറഞ്ഞു; "രാജാവേ.. അങ്ങ് അതു ചെയ്യരുത്. ബാബിലോൺ അങ്ങേയ്ക്ക് അധിപതിയും അങ്ങ് ബാബിലോണിന്റെ ആധിപത്യത്തിൻ കീഴിലുമാണ്." എന്നാൽ യെഹോയാക്കിം യിരെമ്യാവിന്റെ വാക്ക് കേട്ടില്ല. പ്രവാചകന്റെ വാക്കുകളിൽ രാജാവിന് ദേഷ്യം തോന്നി. ഒടുവിൽ യിരെമ്യാവ് ജയിലിൽ അടയ്ക്കപ്പെട്ടു. ഒരു ദിവസം പ്രവാചകൻ തന്റെ സഹകാരിയായ ബാരുക്കിനെ വിളിച്ച് പറയുന്ന സംഗതി കുറിച്ചെടുക്കാൻ പറഞ്ഞു. "ബാരൂക്ക് ഇത് കുറിച്ചെടുത്ത് ദേവാലയത്തിൽ വരുന്ന ജനം കേൾക്കെ ഉറക്കെ വായിക്കുക." ബാരൂക്ക് വായിച്ചത് വേഗത്തിൽ ജനമദ്ധ്യേ പരക്കുകയും രാജാവിന്റെ ചെവിയിലുമെത്തി. യെഹോയാക്കിം തന്റെ കൊട്ടാരത്തിലിരുന്നു തീകായുകയായിരുന്നു. എന്നാൽ യിരെമ്യാവ് പറഞ്ഞത് രാജാവിന് ഇഷ്ടമായില്ല. അവൻ ഒരു കത്തിയെടുത്ത് യിരെമ്യാവ് എഴുതിയ ആ തോൽ ചുരുളുകൾ കത്തികൊണ്ട് കുത്തിക്കീറി തീയിലിട്ടു കളഞ്ഞു. എന്തായിരുന്നു ദൈവത്തിൽ നിന്നുള്ള അരുളപ്പാട്? അതുകൊണ്ട് യെഹൂദ രാജാവായ യെഹോയാക്കിമിനെക്കുറിച്ച് യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു; "അവന് ദാവീദിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ ഒരുത്തനും ഉണ്ടാകുകയില്ല. അവന്റെ ശവം പകൽ വെയിലും രാത്രിയിൽ മഞ്ഞും ഏൽപ്പാൻ എറിഞ്ഞുകളയും. ഞാൻ അവനെയും അവന്റെ സന്തതിയെയും ഭൃത്യന്മാരെയും അവരുടെ അകൃത്യം നിമിത്തം സന്ദർശിക്കും. അവർക്കും യെരുശലേം നിവാസികൾക്കും യെഹൂദപുരുഷന്മാർക്കും വരുത്തുമെന്നു ഞാൻ വിധിച്ചതും അവർ ശ്രദ്ധിക്കാത്തതുമായ അനർത്ഥമൊക്കെയും ഞാൻ അവർക്കു വരുത്തും..." (യിരെമ്യാവ് 36: 30–31).

ദാനിയേൽ 1:9 ൽ വായിക്കുന്നു: "ദാനിയേലിനു ഷണ്ഡാധിപന്റെ മുമ്പിൽ ദയയും കരുണയും ലഭിപ്പാൻ ഇടവരുത്തി." ദാനിയേലുമായി ബന്ധപ്പെട്ട മനുഷ്യർക്കു മുന്നിൽ ദൈവം ദാനിയേലിന് അനുകൂലമാക്കി. ഭക്ഷണ മാറ്റം വന്നപ്പോൾ ദാനിയേൽ പ്രശ്നമൊന്നും ഉണ്ടാക്കിയില്ല. പകരം പറഞ്ഞത് 'ഞങ്ങൾക്ക് ശാകഭോജനവും പച്ചവെള്ളവും തരിക!' ദാനിയേൽ സാഹചര്യങ്ങളെ പക്വതയോടെ നേരിട്ടു. ദാനിയേലിന് ദൈവം ജ്ഞാനം നൽകിയിരുന്നു. ഒരുത്തന്റെ വഴികൾ യഹോവയ്ക്ക് ഇഷ്ടമായിരിക്കുമ്പോൾ അവൻ അവന്റെ ശത്രുക്കളെയും അവനോടു ഇണക്കുന്നു. (സദൃശ്യ. 16:17).

EDITORIAL BOARD

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471



# ഇന്ത്യ ദൈവത്തിനുള്ളത്; പ്രാർത്ഥനയാൽ കൈവശമാക്കാം



പാസ്റ്റർ സജി ചെറിയാൻ, മണ്ണൂർ

നമ്മുടെ മാതൃരാജ്യമായ ഭാരതവും ഇവിടെയുള്ള ദൈവസഭയും ഒരു വല്ലാത്ത പ്രശ്നസങ്കീർണ്ണമായ പരിതസ്ഥിതിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണിപ്പോൾ. ഇന്നത്തെ ഈ പ്രതിസന്ധിയെക്കുറിച്ച് അറിവില്ലാത്തവരായി നമ്മിൽ ആരും തന്നെയില്ലല്ലോ. വർഗ്ഗീയ ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ഇന്ത്യൻ ഭരണകൂടം അവരുടെ സമ്പൂർണ്ണ പിന്തുണയോടെയും ഒത്താശയോടെയും ഇവിടുത്തെ ന്യൂനപക്ഷങ്ങളെ ഇന്നേവരെ ഒരിക്കലുമില്ലാത്തവിധം അധികാരത്തിന്റെയും മേല്ക്കോയ്മയുടേയും കൈയ്യൂക്കിൽ അടിച്ചമർത്തുകയും അവകാശനിഷേധം നടത്തുകയും ചെയ്യുകയാണ്. ഈ പീഢനവും അവകാശധ്വംസനവും ഇതേ നിലയിൽ തുടർന്നാൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, അംബേദ്കർ തുടങ്ങിയ നമ്മുടെ മഹാത്മാക്കൾ സ്വപ്നം കണ്ട സമത്വസുന്ദര, അഖണ്ഡഭാരതം ഒരു ദിവാസ്വപ്നം മാത്രമായി അവശേഷിക്കും.

**ഇന്ത്യ ആരുടേതാണ്?**

ഇന്നത്തെ വിഷയം ഇന്ത്യ ആരുടേതാണ് എന്നതാണ്. ചിലർ പറയുന്നു: ഇത് ഞങ്ങളുടേതാണ്, മറ്റുള്ളവർക്ക് ഈ മണ്ണിൽ സ്ഥാനമില്ല. തിരുവചനത്തിൽ പറയുന്നത്, "ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു'' എന്നാണ് (സങ്കീ: 24:1). മോശെ ഫറവോനോട് പറയുന്നു: "ഭൂമി യഹോവയ്ക്കുള്ളത് എന്ന് നീയറിയും'' (പുറ: 9:29). "ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ" എന്ന് ദൈവം യിസ്രായേലിനോട് പറയുന്നു (പുറ: 19:5). ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതാണെന്ന് 1 കൊരി: 10:26 – ൽ നാം വായിക്കുന്നു.

ഒരിഞ്ച് ഭൂമിയെങ്കിലും 'ഇതെന്റെ സ്വന്തം' എന്ന് അവകാശവാദം ഉന്നയിക്കാൻ ചങ്കൂറ്റമുള്ള ആരുണ്ടീലോകത്തിൽ? ദൈവം മനുഷ്യന്റെ പാർപ്പിനായി സൃഷ്ടിച്ച (യെശ:45:18) ഭൂമിയിൽ ദൈവത്തിന്റെ കരുണകൊണ്ട് അവൻ ജീവിക്കുന്നു എന്ന് ഓർക്കണം. ആകയാൽ നമ്മുടെ മാതൃരാജ്യമായ ഈ ഭാരതഭൂമി ഏതെങ്കിലും പാർട്ടിയുടേയോ മതത്തിന്റെയോ വ്യക്തിയുടെയോ സ്വന്തമല്ല, സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവും പരിപാലകനും പരിപോഷകനും ഉടമസ്ഥനും അധിപതിയും നിയന്ത്രിതാവുമായ ജീവനുള്ള ദൈവത്തിന്റേത് മാത്രമാണ്.

നമ്മുടെ ഭാരതം ഒരു മതേതര രാഷ്ട്രമാണ്. എല്ലാവരും ഇവിടെ സഹോദരീ സഹോദരന്മാരാണ്. എല്ലാ മതങ്ങൾക്കും തുല്യസ്ഥാനമാണ് ഇവിടെയുള്ളത്. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും സിക്ക്, ജൈന, ബുദ്ധമതക്കാരും ഇവിടെ പാർക്കുന്നു. ഏത് മതത്തിലും ആർക്കും വിശ്വസിക്കുവാനും അത് പ്രചരിപ്പിക്കുവാനും ഇന്ത്യൻ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യത്തിന്റേയും ഈ മതവിശ്വാസികൾ തമ്മിലുള്ള സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അസ്തിവാരം തോണ്ടുവാനും ഭരണഘടന തിരുത്തിയെഴുതുവാനും തങ്ങളുടെ രഹസ്യ അജണ്ടകളും സ്വാർത്ഥ താല്പര്യങ്ങളും സാക്ഷാത്കരിക്കുവാനും ചില ഛിദ്രശക്തികൾ ഈയിടെയായി അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കി ന്യൂനപക്ഷങ്ങളെ ഇവിടെ ഇല്ലാതാക്കുവാനോ പലായനം ചെയ്യിക്കുവാനോ ഒന്നിച്ചു കൂടി അവർക്കെതിരെ, പ്രത്യേകിച്ചും ഇവിടെയുള്ള ക്രിസ്ത്യാനികൾക്കെതിരെ അണിയറയിൽ പല ഗൂഢാലോചനകളും തന്ത്രങ്ങളും മെനഞ്ഞുകൊണ്ടും അതിനായുള്ള യത്നങ്ങളിലും യജ്ഞങ്ങളിലും ഏർപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. പക്ഷേ, സ്വർഗ്ഗത്തിൽ വസിക്കുന്നവന്റെ കണ്ണുകൾ ഇത് ദർശിച്ചുകൊണ്ടിരിക്കുകയാണ്. അവിടുത്തെ വചനം പറയുന്നു: "ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായത് നിരൂപിക്കുകയും ചെയ്യുന്നതെന്ത്? യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേൽക്കുകയും അധിപതികൾ തമ്മിൽ ആലോചിക്കുകയും ചെയ്യുന്നു" (സങ്കീ:2:1,2). പക്ഷേ, പിന്നീട് പറയുന്നത്, കർത്താവ് അവരെ പരിഹസിക്കുന്നു എന്നാണ് (വാ:4).

വേദവിധിപ്രകാരമുള്ള ഹോമങ്ങളും യജ്ഞങ്ങളും വരെ ഈ ലക്ഷ്യത്തോടെയും പ്രധാനമന്ത്രി തുടങ്ങിയവരുടെ ഒത്താശയോടെയും അവരുടെ സാന്നിദ്ധ്യത്തിലും ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഭാരത തലസ്ഥാനമായ ഡൽഹിയിൽ നടന്നുകഴിഞ്ഞു എന്നാണ് അറിയുവാൻ കഴിഞ്ഞത്. ദൈവാധിപത്യത്തിലും അവിടുത്തെ ശക്തിയിലും അധികാരത്തിലും വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ദൈവമക്കളും ദൈവദാസന്മാരും ഇന്ത്യയൊട്ടുക്ക് ശക്തമായി ഈ ദിനങ്ങളിൽ സാത്താന്യപദ്ധതികൾക്കെതിരായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ഏപ്രിൽ 10 ഇന്ത്യയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥനാദിനമായി വേർതിരിച്ച് ഈ വിഷയത്തിൽ ദൈവകരങ്ങളുടെ ഇടപെടലിനായി ഒരുമിച്ച് കൂടി പ്രാർത്ഥിക്കുവാൻ വിവിധ പെന്തക്കോസ്ത് സഭകൾ ഒന്നിച്ചാലോചിച്ച് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ഒത്തുകൂടാൻ തീരുമാനിച്ചിരിക്കുകയാണ്.

ഇന്ത്യയിലെ ഏതൊരു പൗരനും അവനിഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും അവൻ വിശ്വസിക്കുന്ന ദൈവത്തെ ആരാധിക്കുവാനും അവന്റെ വിശ്വാസം പ്രചരിപ്പിക്കുവാനും കഴിയണം. അത് ഭരണഘടന അവന് നൽകുന്ന മൗലികാവകാശമാണ്. ആ അവകാശത്തിന്റെയും സ്വാതന്ത്ര്യത്തിന്റേയും കടയ്ക്കൽ കത്തിവയ്ക്കാനാണ് ഇവിടുത്തെ കറുത്ത കരങ്ങൾ ശ്രമിക്കുന്നത്. ക്രിസ്തീയ മിഷണറിമാർക്കെതിരെ നടത്തുന്ന ആരോപണം അവർ നിർബന്ധിത മതപരിവർത്തനം നടത്തുന്നു എന്നതാണ്. പക്ഷേ, ഇതിലൊട്ടും വാസ്തവമില്ലെന്നതാണ് സത്യം. സുവിശേഷം കേൾക്കുന്നവർ തങ്ങളുടെ ഉള്ളിൽ നടക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ ഈ മാർഗ്ഗത്തിലേയ്ക്ക് നയിക്കപ്പെടുന്നു എന്നതല്ലാതെ ആരെയും ബലപ്രയോഗം നടത്തിയോ നിർബന്ധിച്ചോ മോഹനവാഗ്ദാനങ്ങളാൽ പ്രലോഭിപ്പിച്ചോ ക്രിസ്ത്യാനികളാക്കുന്നില്ല.

ഇവർ വിറളി പിടിക്കാനും അസ്വസ്ഥരാകുവാനുമുള്ള മറ്റൊരു കാരണം ഇന്ത്യയിലെ ക്രൈസ്തവ ജനസംഖ്യയിലുള്ള പൊടുന്നനെയുള്ള കുതിച്ചുകയറ്റമാണ്. ഈ അടുത്തിടെയുള്ള കണക്കുകൾ (2017) പരിശോധിച്ചപ്പോൾ ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ ജനസംഖ്യ 5.84 ശതമാനമായി ഉയർന്നിട്ടുണ്ട് എന്ന് കാണുവാൻ കഴിഞ്ഞു. എന്നാൽ കുറെ വർഷങ്ങൾക്ക് മുമ്പ് വെറും 3 ശതമാനം മാത്രമായിരുന്നു ഇതെന്ന് നാമോർക്കണം. ഇക്കാരണത്താലാണ് സുവിശേഷകരെ ഭാരതത്തിലങ്ങോളമിങ്ങോളം പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നത് (ക്രിസ്ത്യൻ മിഷണറിമാർ നമ്മുടെ ഭാരതത്തിന് നൽകിയ വിലപ്പെട്ട സംഭാവനകളെയും ക്രിസ്തീയ ശാസ്ത്രജ്ഞരുടെ നിരവധി കണ്ടുപിടുത്തങ്ങൾ ശാസ്ത്ര സാങ്കേതികലോകത്തിന് കാഴ്ചവെച്ച സംഭാവനകളേയും ഇക്കൂട്ടർ അപ്പാടെ മറന്നു കളയുകയോ അറിയാത്തതായി ഭാവിക്കുകയോ ചെയ്യുന്നു).

എല്ലാ ഹിന്ദുക്കളും വർഗ്ഗീയവാദികളല്ല, വർഗ്ഗീയ കലാപങ്ങൾക്ക് തിരികൊളുത്തുന്നവരുമല്ല. യഥാർത്ഥ ഹിന്ദുക്കൾ ക്രിസ്ത്യാനികളെയും മറ്റ് മതവിശ്വാസികളെയും സ്നേഹിക്കുന്നവരാണ്. അവർ വർഗ്ഗീയവാദികളുടെ അസഹിഷ്ണുതയിൽ അസംതൃപ്തരാണ്. സുവിശേഷം കേൾക്കുവാൻ താല്പര്യമുള്ളവരും സുവിശേഷകരെ തങ്ങളുടെ ഭവനങ്ങളിൽ സ്നേഹത്തോടെ സ്വീകരിക്കുന്നവരുമാണ്.

1893 സെപ്തംബറിൽ അമേരിക്കയിലെ ചിക്കാഗോയിൽ വച്ച് നടന്ന സർവ്വമത സമ്മേളനത്തിൽ ഹിന്ദുമത പ്രഭാഷകനായി ലോകം അറിയുകയും ബഹുമാനിക്കുകയും ചെയ്യുന്ന ആദരണീയനായ സ്വാമി വിവേകാനന്ദൻ ചെയ്ത പ്രസംഗം ഭാരതത്തിന്റെ മതസഹിഷ്ണുതയ്ക്ക് അടിസ്ഥാനമാണ്. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "അന്യമതങ്ങളുടെ നാശത്തിൽ നിന്ന് തന്റെ മതം വളരണമെന്ന് ആരെങ്കിലും സ്വപ്നം കാണുന്നുവെങ്കിൽ അയാൾ ദയനീയനാണ്. മത്സരങ്ങളും ഉൾപ്പോരുകളും നിർത്തി എല്ലാവരും ശാന്തിയുടെയും ഐക്യത്തിന്റെയും പാതയിലൂടെ സഞ്ചരിക്കണം". അദ്ദേഹം ഒരിക്കൽ ഇപ്രകാരം എഴുതി: "യേശുവിനെ ദൈവം എന്നതിൽ കുറച്ച് മറ്റൊന്നുമായി എനിക്ക് കാണുവാൻ കഴിയുകയില്ല. അദ്ദേഹം ഇന്ന് ജീവിച്ചിരുന്നെങ്കിൽ എന്റെ കണ്ണുനീർകൊണ്ടല്ല, രക്തംകൊണ്ട് അദ്ദേഹത്തിന്റെ കാൽപാദങ്ങൾ നനയ്ക്കുമായിരുന്നു" (വിവേകാനന്ദ കൃതികൾ). അദ്ദേഹത്തിന്റെ ഈ കാഴ്ചപ്പാടുകൊണ്ടാണ് 1947 ൽ ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ ഭാരതത്തെ മതേതര രാഷ്ട്രമായി പ്രഖ്യാപിച്ചത്.

**നാം എന്ത് ചെയ്യണം?**

"എന്നോട് ചോദിച്ചുകൊള്ളുക; ഞാൻ നിനക്ക് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" (സങ്കീ:2:8) എന്നുള്ള ദൈവീക അരുളപ്പാട് പ്രഥമമായി മശിഹായോടുള്ള വാഗ്ദത്തമാണെങ്കിലും നമുക്കും അവകാശപ്പെടാവുന്ന ഒന്നാണ്. കാരണം, നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു (വാ:7) എന്നു പറഞ്ഞിട്ടാണ് ഈ വാഗ്ദത്തം നൽകുന്നത്. നാം ക്രിസ്തുവിലൂടെ വീണ്ടും ജനനം പ്രാപിച്ച അവിടുത്തെ മക്കളും അവിടുന്ന് നമ്മുടെ പിതാവുമായിരിക്കുമ്പോൾ ഇത് നമുക്കും അവകാശപ്പെട്ടതാണ്. മക്കളെങ്കിലോ അവകാശികളുമാകുന്നു എന്നാണല്ലോ നാം റോമർ 8-ൽ വായിക്കുന്നത്. "ഭൂമിയുടെ അറ്റങ്ങളെ, ജാതികളെ" എന്നൊക്കെ പറയുമ്പോൾ ഈ ഭൂമി മുഴുവൻ കർത്താവിന്റെ വകയാകയാൽ, ഇന്ത്യയും അവിടുത്തേതാകയാൽ നമുക്ക് അവകാശം പറഞ്ഞ് പ്രാർത്ഥിക്കാമെന്നല്ലേ ഇതിന്റെ അർത്ഥം? അങ്ങനെ ചെയ്താൽ കർത്താവ് നമുക്ക് തരുമെന്നല്ലേ ഇവിടെ പറയുന്നത്? നാം നമുക്ക് വേണ്ടി ഒന്നും ചോദിക്കുന്നില്ലല്ലോ. നമ്മുടെ ദൈവത്തിനുവേണ്ടി – ജീവനുള്ള, അഖിലാണ്ഡകടാഹത്തിന്റെ ഉടയവനായ സത്യദൈവത്തിനുവേണ്ടി, രക്ഷകനായ യേശുവിനുവേണ്ടി.

ആകയാൽ നമുക്ക് മുട്ടിപ്പായി, മടുത്തുപോകാതെ യാചിക്കാം, നിലവിളിക്കാം, ആത്മാവിൽ പോരാടി പ്രാർത്ഥിച്ചും സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്......... സകല ജാതികളെയും എന്റെ ശിഷ്യരാക്കിക്കൊൾവീൻ എന്നുള്ള ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന യേശു കർത്താവിന്റെ കല്പന അനുസരിച്ച് സുവിശേഷം അറിയിച്ചും ഇന്ത്യയെ സാത്താന്യബന്ധനത്തിൽ നിന്ന്, കോട്ടയിൽ നിന്ന് കർത്താവിനായി അവകാശപ്പെടാം, സ്വതന്ത്രമാക്കാം, പിടിച്ചടക്കാം.

ദൈവമേ, അവിടുത്തെ രാജ്യം ഇന്ത്യയിൽ വരണമേ.

**നമ്മുടെ ഭാരതം ഒരു മതേതര രാഷ്ട്രമാണ്. എല്ലാവരും ഇവിടെ സഹോദരീ സഹോദരന്മാരാണ്. എല്ലാ മതങ്ങൾക്കും തുല്യസ്ഥാനമാണ് ഇവിടെയുള്ളത്. ഏത് മതത്തിലും ആർക്കും വിശ്വസിക്കുവാനും അത് പ്രചരിപ്പിക്കുവാനും ഇന്ത്യൻ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്.**

# ദൈവം കുടുംബം സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം



സാം റ്റി. മുഖത്തല

ദൈവം എന്തു സ്ഥാപിച്ചാലും ആയതിന്റെ പിൻപിൽ ചില ഉദ്ദേശ്യങ്ങളുണ്ട്. എന്തെങ്കിലും പദ്ധതിയില്ലാതെ ദൈവം ഒന്നും ചെയ്യാറില്ല. ഓരോ മനുഷ്യനെക്കുറിച്ചും ദൈവത്തിനു പദ്ധതികളുണ്ട്. ഓരോ വിശ്വാസിയെക്കുറിച്ചും ദൈവത്തിനു ചില മുൻപദ്ധതികളുണ്ട്. അതുകൊണ്ടാണ് ദാവീദ് പാടുന്നത്; "ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു; നിയമിക്കപ്പെട്ട നാളുകളിൽ ഒന്നുമില്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു" (സങ്കീ. 139: 16). മനുഷ്യന്റെ സൃഷ്ടിപോലും അത്ഭുതവും അതിശയവുമാണ്. സ്രഷ്ടാവിനെ അറിയുന്ന സൃഷ്ടികളായിരിക്കാൻ കഴിയണം. കുടുംബം ദൈവം സ്ഥാപിക്കുമ്പോഴും തക്കതായ ഉദ്ദേശ്യം ഉണ്ട്.

**1. തക്കതുണയായിരിക്കാൻ (ഉൽപ.2:18)**

ദൈവസൃഷ്ടിയായ മനുഷ്യന്റെ മുൻപിലൂടെ എല്ലാ ജീവജാലങ്ങളെയും കടത്തിവിട്ടെങ്കിലും തക്കതുണയെ കിട്ടിയില്ല. അപ്പോഴാണ് ദൈവം സ്ത്രീയെ ഉണ്ടാക്കി ഇതു നിന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയെന്നു പറഞ്ഞ് തമ്മിൽ യോജിപ്പിച്ചത്. മൃഗങ്ങൾ ഇണയെ തേടുമ്പോൾ, മനുഷ്യനു തുണയെ ആണ് ആവശ്യം. തുണയെന്നു പറയുമ്പോൾ സെക്സിനുവേണ്ടി മാത്രമല്ല, എല്ലാ ജീവിതസാഹചര്യങ്ങളിലും കൂടെനിൽക്കുക എന്നതാണ്. ആരോഗ്യത്തിലും - അനാരോഗ്യത്തിലും, സമ്പത്തിലും - ദാരിദ്ര്യത്തിലും, സുഖത്തിലും - ദുഃഖത്തിലും മരണത്താൽ വേർപിരിയുന്ന നാൾവരെ പരസ്പരം തക്കതുണയായിരിക്കണം. ഒരാളുടെ ഭാഗത്തു ബലഹീനത ഉണ്ടാകുമ്പോൾ താങ്ങാൻ, ഒരു നല്ലവാക്കു പറഞ്ഞ് ആശ്വസിപ്പിക്കാൻ കഴിയണം. സ്നേഹിതൻ എല്ലാക്കാലത്തും സനേഹിക്കും, അനർഥദിവസത്തിലോ അവൻ സഹോദരനായി മാറുമെന്ന് തിരുവചനം പറയുന്നു. ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹം വെറും വാക്കുകളിലല്ല, പിന്നെയോ പ്രവൃത്തികളിലുണ്ടാകണം. കുടിക്കാൻ വെള്ളം കൊടുക്കാത്ത ഭാര്യ, സ്നേഹിക്കുന്നു എന്നു അധരം കൊണ്ടു പറഞ്ഞാൽ, അതു സ്നേഹം ആകുമോ? ആരോഗ്യം ക്ഷയിക്കുമ്പോൾ പല്ലുകൾ കൊഴിയുമ്പോൾ തക്കതുണകളായിരിക്കണം. ഭർത്താവ് ഭാര്യയ്ക്കും, ഭാര്യ ഭർത്താവിനും തക്കതുണയായിരിക്കണം.

**2. ഒന്നായിത്തീരാൻ (ഉൽപ. 2:24; എഫെ. 5: 31)**

ഒന്നായിത്തീരുക എന്നതിനു തിരുവചനത്തിൽ കൊടുത്തിരിക്കുന്നത് 'പറ്റിച്ചേരുക' എന്ന പദമാണ്. ഭാര്യ ഭർത്താവിനോടും, ഭർത്താവ് ഭാര്യയോടും പറ്റിച്ചേരണം (എഫെ. 5:31). തിരുവചനം പറയുന്നു: അവന്റെ ശരീരത്തിൽ അവൾക്കത്രെ അധികാരം. അവളുടെ ശരീരത്തിൽ അവനത്രെ അധികാരം (1 കൊരി. 7:4). ഭാര്യയും ഭർത്താവും ഒന്നായെങ്കിലേ ഒരു പുതിയതലമുറയെ ലോകത്തിനു സംഭാവനചെയ്യാൻ പറ്റുകയുള്ളൂ. രണ്ടുപേരും ഒന്നാകുന്നതു പാപമാണെന്നു കരുതുന്നവർ ഉണ്ട്. എന്നാൽ, അതു പാപമല്ല.

വ്യത്യസ്തപശ്ചാത്തലത്തിൽ ജനിച്ചുവളർത്തപ്പെട്ട രണ്ടുപേർ ഒന്നാകുമ്പോൾ; വ്യത്യസ്ത ആഗ്രഹങ്ങൾ, ആശയങ്ങൾ, ആരാധനകൾ, ചിന്താഗതികൾ, സാമ്പത്തികങ്ങൾ, പശ്ചാത്തലങ്ങൾ എന്നിങ്ങനെ എല്ലാം ഒന്നാകാൻ കഴിയണം. മനസ്സ്, ചിന്ത, തീരുമാനങ്ങൾ, ഹൃദയം എന്നിങ്ങനെ എല്ലാം ഒന്നാകാൻ സാധിക്കുമ്പോഴേ ഭാര്യ-ഭർത്താക്കന്മാർ ഒന്നായി എന്നു പറയാൻ കഴിയൂ. മിക്ക കുടുംബങ്ങളിലും ആഗ്രഹങ്ങൾ പലത്, ആശയങ്ങൾ പലത്, ചിന്തകൾ പലത്, ഹൃദയം പലത്, ആഹാരരീതികൾ പലത്, പണം പല അജണ്ടകളിൽ എന്നിങ്ങനെ എല്ലാം പലതാണെങ്കിൽ ഒന്നാകാൻ കഴിയും എന്നു കരുതുന്നില്ല. ശരീരം മാത്രമല്ല, എല്ലാ മേഖലയിലും ഒന്നാകുന്ന തലമാണ് ഒന്നായിത്തീരുക എന്നത്. ഒന്നായിത്തീരാനാണ് ദൈവം കുടുംബം സൃഷ്ടിച്ചത്. ദൈവം നിങ്ങളെ കുടുംബസ്ഥരാക്കിയെങ്കിൽ എല്ലാ മേഖലയിലും ഒന്നായിത്തീരാനാണ്.

> **ദൈവം കുടുംബം സ്ഥാപിച്ചത് ധാർമികത പുലർത്താനും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാനും ആണ്. ആരോഗ്യമുള്ള സമൂഹം ഉണ്ടായാൽ ആ ദേശം അനുഗ്രഹിക്കപ്പെടും.**

**3. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ (ഉൽപ. 1:28; സങ്കീ. 127: 3-5).**

തലമുറകൾ ഇല്ലാത്ത ഭവനം എപ്പോഴും ശൂന്യമായിരിക്കും. തലമുറകൾ ഇല്ലെങ്കിൽ എന്തോ കുറവുള്ളതായി അത്തരം വീടുകളിൽ തോന്നും. മക്കൾ ഇല്ലെങ്കിൽ ആ കുടുംബത്തിന്റെ അനന്തരാവകാശികൾ ഇല്ലാതാകുന്നു. തലമുറകൾ കൈമാറി വന്നില്ലായിരുന്നെങ്കിൽ ഈ ഭൂമി എന്നേ ശൂന്യമായിക്കിടന്നേനെ. ഭൂമിയുടെ നിലനിൽപുതന്നെ തലമുറയ്ക്കു കൈമാറി വന്ന സമൂഹമാണ്. മനുഷ്യൻ ഇല്ലെങ്കിൽ ഭൂമിയുടെ അവസ്ഥ ചിന്താതീതമാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചു കുടുംബം സ്ഥാപിച്ചപ്പോൾ തന്നെ കല്പിച്ചത്: "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ" എന്നാണ്. മക്കൾ വേണ്ട എന്നു പറയുന്ന ഭാര്യഭർത്താക്കന്മാർ കുറവാണ്. എന്നാൽ, ആണായാലും പെണ്ണായാലും ഒന്നുമതി എന്നു ചിന്തിക്കുന്ന ദമ്പതികൾ ഉണ്ട്. ചില കുടുംബങ്ങളിൽ ഭർത്താക്കന്മാർക്ക് ഒന്നിലധികം മക്കൾ വേണമെന്ന് ആഗ്രഹിക്കുമ്പോൾ, ഭാര്യ പറയും ഒരാൾ മതി. ഇങ്ങനെ ഭാര്യഭർത്താക്കന്മാരിൽ ഉണ്ടായിട്ടുള്ള തർക്കങ്ങൾ വലിയ കുടുംബപ്രശ്നം ആയിട്ടുണ്ട്. എനിക്ക് ഇനി പ്രസവിക്കാൻ വയ്യ എന്നു പറയുന്ന ഭാര്യമാർ അറിയേണ്ടത്, മനുഷ്യനാണ് ഭൂമിയുടെ നിലനിൽപ്. നിങ്ങൾക്കുണ്ടാകുന്ന മക്കളും അതിന്റെയൊരു കണ്ണിയാണ്. ഭാര്യയുടെ ആരോഗ്യവും സാമ്പത്തികസ്ഥിതിയും എല്ലാ സാഹചര്യങ്ങളും പരിശോധിച്ച് മക്കളുടെ എണ്ണം നിശ്ചയിക്കുക. മക്കളെ വളർത്താൻ സാമ്പത്തികമില്ലാതെ, എണ്ണം കൂട്ടിയാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെ സങ്കടകരമാണ്. മക്കൾ യഹോവ നൽകുന്ന അവകാശമാണ്, ഉദരഫലം ദൈവം തരുന്ന പ്രതിഫലമാണ്. യൗവനത്തിലെ മക്കൾ വീരന്റെ കൈയിലെ അസ്ത്രംപോലെയാണ് (സങ്കീ.127:3,4). ആയതിനാൽ മക്കൾക്കായി ആഗ്രഹിക്കാം, ഭൂമിയിൽ ആരോഗ്യമുള്ള ഒരു സമൂഹം നിലനിൽക്കട്ടെ.

**4. ധാർമികത പുലർത്താൻ (1 കൊരി. 7:2).**

ആരോഗ്യമുള്ള നല്ലൊരു വ്യവസ്ഥിതി നിലനിൽക്കാനാണ് ദൈവം കുടുംബം സൃഷ്ടിച്ചത്. തിരുവചനഭാഗം ഇങ്ങനെയാണ്: "ദുർന്നടപ്പു നിമിത്തം ഓരോരുത്തനു സ്വന്തഭാര്യയും ഓരോരുത്തിക്ക് സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ" എന്നാണ്. കുടുംബം എന്ന സംവിധാനമില്ലെങ്കിൽ, ആർക്കും ആരുടെകൂടെയും എപ്പോഴും എവിടെവെച്ചും ബന്ധപ്പെടാം.

ഇന്നും കുടുംബത്തിനു പ്രാധാന്യം നൽകാത്ത പാശ്ചാത്യരാജ്യങ്ങളിൽ എന്താണു സംഭവിക്കുന്നത്? അറിയാവുന്ന പ്രായത്തിൽ തന്നെ ഇഷ്ടമുള്ള ഇണയെ സ്വയം കണ്ടെത്തി പരസ്യമായിട്ടുതന്നെ എവിടെയും എങ്ങനെയും ദുർന്നടപ്പിൽ മുഴുകുന്നു. 50 വയസ്സിനകത്തു തന്നെ അനേകം ഇണകളെ വസ്ത്രം മാറുന്നതുപോലെ മാറിക്കഴിയും. അങ്ങനെയുണ്ടാകുന്ന മക്കളെ സർക്കാരിന്റെ സഹായത്തോടെ വളർത്തുന്നു. പാശ്ചാത്യരാജ്യങ്ങളിൽ സുസ്ഥിര കുടുംബമായി കഴിയുന്നവർ വളരെ ചെറിയ ശതമാനമേയുള്ളൂ. എതിർലിംഗത്തോടുള്ള മനുഷ്യന്റെ താൽപര്യം സൃഷ്ടിയിൽ തന്നെ ഉണ്ടായിരുന്നതാണ്. അതിനെ എങ്ങനെ മാന്യമായും തിരുവചനപ്രകാരവും പരിശുദ്ധിയോടും സൂക്ഷിക്കാൻ കഴിയും എന്നു ചിന്തിക്കണം. മനുഷ്യന് ഇണയെ അല്ല ദൈവം ഉണ്ടാക്കിക്കൊടുത്തത്, തുണയെയാണ്. തുണയാകുമ്പോൾ അതു ഹ്രസ്വകാലത്തേക്കുള്ള എഗ്രിമെന്റിൽ ഉള്ളതല്ല, എല്ലാനാളും കൂടെയിരുന്ന്, മരിക്കുംവരെ തമ്മിൽ സ്നേഹിച്ചും കരുതിയും ജീവിക്കേണ്ടവരാണ്.

മനുഷ്യന്റെ വളർച്ചയ്ക്കനുസരിച്ചുണ്ടാകുന്ന ഉഴൽച്ചകളും അരിഷ്ഠിതാവസ്ഥയും മാറുവാൻ ഒരു തുണ ആവശ്യമാണ്. കുടുംബത്തിലേക്കു പ്രവേശിക്കാതെ, ഇണയെ തേടിനടക്കുന്നത് ധാർമികമായി അധഃപതനത്തിന് ഇടവരുത്തും. പിന്നെ മനുഷ്യനും മൃഗങ്ങളും തമ്മിൽ വ്യത്യാസമില്ലാതെ വരും. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ; നശിച്ചുപോകുന്ന മൃഗത്തിനു തുല്യനത്രേ. ധാർമികത നിലനിർത്താൻ കുടുംബമായി പാർക്കുക.

നോഹയുടെ കാലത്തെപോലെയും ലോത്തിന്റെ കാലത്തെപോലെയും ഇപ്പോൾ വന്നെത്തിയിരിക്കുന്നു. ഇതുപോലെ ധാർമികമായി അധഃപതിച്ച ഒരു കാലം ഇതിനു മുൻപ് ഉണ്ടായിട്ടില്ല. നോഹയുടെ കാലത്ത് ബോധിച്ചവരെ ഇണകളായും തുണകളായും തിരഞ്ഞെടുക്കുന്ന കാലമായിരുന്നു. ലോത്തിന്റെ കാലമായപ്പോഴേക്കും ഒരേലിംഗത്തിൽപ്പെട്ടവരെ ഇണയായും തുണയായും തിരഞ്ഞെടുക്കുന്ന കാലം വന്നു. ലോത്തിന്റെ കാലത്ത് പുരുഷൻ പുരുഷനോടും സ്ത്രീ സ്ത്രീയോടും ഇണചേരുന്ന കാലമായിരുന്നു. എന്നാൽ, ഇന്നാണെങ്കിൽ അതിലെല്ലാം അപ്പുറത്ത് സ്വവർഗവിവാഹം അംഗീകാരം നേടിയ കാലമാണ്. ഇന്ന് പാശ്ചാത്യരാജ്യങ്ങളിൽ പുരുഷൻ പുരുഷനെയും സ്ത്രീ സ്ത്രീയെയും വിവാഹം കഴിക്കുന്നു. ഇത്തരത്തിലുള്ള വിവാഹങ്ങൾ പള്ളികളിൽവെച്ചു നടത്തുന്നതിനു സഭകൾ അംഗീകരിച്ചിരിക്കുന്നു. ഭരണകർത്താക്കളും മതങ്ങളും ഇത് അംഗീകരിച്ചിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് യേശുക്രിസ്തു മടങ്ങിവരാറായി എന്നാണ്. ഇതുപോലെ ധാർമികമായി അധഃപതിച്ച ഒരുകാലം ഇതിനു മുൻപ് ഉണ്ടായിട്ടില്ല.

ദൈവം കുടുംബം സ്ഥാപിച്ചത് ധാർമികത പുലർത്താനും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാനും ആണ്. ആരോഗ്യമുള്ള സമൂഹം ഉണ്ടായാൽ ആ ദേശം അനുഗ്രഹിക്കപ്പെടും.


വിജയകരമായ കുടുംബജീവിതത്തിനു വഴികാട്ടി

ഉദാത്ത കുടുംബം




എഴുത്തുകാരനും ഗാനരചയിതാവും പ്രഭാഷകനുമായ
സാം റ്റി. മുഖത്തലയുടെ പുതിയഗ്രന്ഥം

- ദൈവവചനത്തിന്റെ സത്യങ്ങളെ അനാവരണം ചെയ്തുകൊണ്ട് കുടുംബത്തകർച്ചയ്ക്കെതിരെ വിദഗ്ധ ചികിത്സ നിശ്ചയിക്കുകയാണ് ഈ ഗ്രന്ഥത്തിൽ.
  *റവ. കെ.സി. ജോൺ*
- മാതൃകാകുടുംബജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും ഈ ഗ്രന്ഥം ഒരു ഗൈഡാണ്.
  *റവ. പി.ഐ. ഏബ്രഹാം (കാനം അച്ചൻ)*
- തിരുവചനത്തിൽ നിന്നും ആധികാരികമായി പഠനം നടത്തിയും സമൂഹത്തിൽനിന്നും പഠിച്ച പാഠങ്ങൾ ഉൾക്കൊള്ളിച്ചും തയാറാക്കിയ ഈ ഗ്രന്ഥം എല്ലാവർക്കും അനുഗ്രഹമായിരിക്കും.
  *റവ. ബാബു ചെറിയാൻ പിറവം*

**35ൽ അധികം ഉദാഹരണങ്ങളോടുകൂടി കുടുംബജീവിതത്തിൽ അറിയേണ്ടതെല്ലാം**

കൂടുതൽ വിവരങ്ങൾക്ക്: 9048359911




യുപിജി ഡയറക്ടർ പാസ്റ്റർ വിനോദ് ജേക്കബ്ബ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

# യുപിജി വിഭാവന കോൺഫ്രൻസ്

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് യുപിജിയുടെ പ്രഥമ കോൺഫ്രൻസ് സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. മാർച്ച് 21നു നടന്ന വിഭാവന കോൺഫ്രൻസിനു യുപിജി കേരളാ സ്റ്റേറ്റ് ഡയറക്ടർ പാസ്റ്റർ വിനോദ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. റവ. സുശീൽ മാത്യു, പാസ്റ്റർ വി.വി. അലക്സാണ്ടർ, പാസ്റ്റർ പി. ആർ ബേബി, ഡോക്ടർ ഐസക് സൈമൺ, പാസ്റ്റർ വിജയൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു. പാസ്റ്റർമാരായ ജോൺസൻ ദാനിയേൽ, ഷിബു കെ മാത്യു, ക്രിസ്റ്റഫർ റ്റി രാജു, കെ.എ. ഉമ്മൻ സഹോദരന്മാരായ ജോസഫ് മറ്റത്തുകാല, റ്റി. യോഹന്നാൻ, അജി കുളങ്ങര, ഏബ്രഹാം തോമസ്, ജോൺ പി. നൈനാൻ എന്നിവർ ആശംസകളറിയിച്ചു.

സുവിശേഷം എത്തിയിട്ടില്ലാത്ത ജനവിഭാഗങ്ങൾക്കിടയിൽ സുവിശേഷികരണ ദൗത്യവുമായി മിഷണറിമാരെ അയക്കുന്ന ദൈവസഭ അന്തർദേശീയ നേതൃത്വത്തിന്റെ പദ്ധതിയാണ് അൺ റീച്ച്ഡ് പിപ്പിൾ ഗ്രൂപ്പ് എന്നത്. യുപിജിയുടെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ വിനോദ് ജേക്കബ് ഡയറക്ടറായി ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് നേതൃത്വം കൊടുക്കുന്നു.

# ഐപിസി സോദരി സമാജം സ്റ്റേറ്റ് ഭാരവാഹികൾ ചുമതലയേറ്റു



ഏലിയാമ്മ തോമസ്



സൂസൻ എം. ചെറിയാൻ



ജോയമ്മ ബേബി

**കുമ്പനാട്:** ഐപിസി സോദരി സമാജം സ്റ്റേറ്റ് പ്രസിഡന്റായി ഏലിയാമ്മ തോമസും ജനറൽ സെക്രട്ടറിയായി സൂസൻ എം. ചെറിയാനും തിരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികൾ: റോസമ്മ ജയിംസ്, മിനി ജോർജ് (വൈസ് പ്രസിഡന്റുമാർ), ഒമേഗ സുനിൽ, ജയ്മോൾ രാജു (ജോയിന്റ് സെക്രട്ടറിമാർ), ജോയമ്മ ബേബി (ട്രഷറാർ).

കുമ്പനാട് ഹെബ്രോൻ പുരത്ത് നടന്ന ജനറൽ ബോഡിയിലാണ് അടുത്ത മൂന്ന് വർഷത്തേക്കുള്ള സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തത്. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ഇലക്ഷൻ ഓഫീസറായും പാസ്റ്റർ സാംകുട്ടി ജോൺ, ജോജി ഐപ്പ് മാത്യൂസ് എന്നിവർ റിട്ടേണിങ് ഓഫീസർമാരായും പ്രവർത്തിച്ചു. ഐപിസി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് സമർപ്പണ പ്രാർത്ഥന നടത്തി.

# സൺഡേസ്കൂൾ ജനറൽ ക്യാമ്പ്

(1-ാം പേജ് തുടർച്ച)

ഒന്നിന് 10 മണിക്ക് നടക്കും. ഗാനങ്ങൾ, കഥകൾ, പപ്പറ്റ് ഷോ, മാജിക് ഷോ, ഗെയിമുകൾ, സമ്മാനങ്ങൾ, സ്നേഹവിരുന്ന്, ആരാധന, സംവാദം, ചോദ്യോത്തരവേള, പ്രായോഗിക സമീപനം, സോഷ്യൽ മീഡിയ, ടീനേജ് പ്രശ്നങ്ങൾ, കൗൺസിലിങ്ങ്, അദ്ധ്യാപക പരിശീലനം എന്നിവ വിവിധ സെഷനുകളിൽ നടക്കും. മെയ് രണ്ടിന് മൂന്ന് മണിക്ക് സമാപന സമ്മേളനം നടക്കും.

ഐപിസി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പെട്രണായും ജോയി താനുവേലിൽ ജനറൽ കൺവീനറായും പാസ്റ്റർ സണ്ണി ജോർജ് ജനറൽ കോ-ഓർഡിനേറ്ററായും ഡയറക്ടർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ട്രഷറർ അജി കല്ലുങ്കൽ, ഡെപ്യൂട്ടി ഡയറക്ടർമാരായ പാസ്റ്റർ സാം വർഗീസ്, തോമസ് മാത്യു ചാരുവേലിൽ, അസോസിയേറ്റ് സെക്രട്ടറിമാരായ ജോജി ഐപ്പ് മാത്യൂസ്, പാസ്റ്റർ സി.റ്റി. ജോൺ, സണ്ണി ഏബ്രഹാം തുടങ്ങിയവർ കൺവീനർമാരുമായി വിപുലമായ കമ്മറ്റിയ്ക്ക് രൂപം നൽകി.

കോട്ടയം ഐപിസി ടാബർനാക്കിൾ ഹാളിൽ നടന്ന സ്വാഗതസംഘം രൂപീകരണ യോഗത്തിൽ പാസ്റ്റർ സണ്ണി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

*ജോജി ഐപ്പ് മാത്യൂസ്, ഫിന്നി പി മാത്യൂ*
*(മീഡിയ കൺവീനേഴ്സ്)*

# ഐപിസി മീഡിയ ഗ്ലോബൽ മീറ്റ് ഡാളസിൽ

ഹൂസ്റ്റൺ: ഐപിസിയിലെ മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും അന്തർദേശീയ സംഘടനയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള രണ്ടാമത് മീഡിയ ഗ്ലോബൽ മീറ്റ് അമേരിക്കയിൽ നടക്കും.

2018 ജൂലൈ 26 – 29 വരെ ഡാളസിൽ ഹയാത്ത് റീജിയൻസി ഡിഎഫ് ഡബ്ളിയുയിൽ നടക്കുന്ന 16–ാമത് ഫാമിലി കോൺഫറൻസിനോടനുബന്ധിച്ചാണ് അമേരിക്കയിലെ മാധ്യമപ്രവർത്തകരും എഴുത്തുകാരും ഗ്രന്ഥകാരന്മാരും ഒത്തുകൂടുന്നത്.

ഗ്ലോബൽ മീറ്റിനോടനുബന്ധിച്ച് 'പെന്തെക്കോസ്ത്: മാധ്യമവും മാധ്യമ പ്രവർത്തനവും' എന്ന വിഷയത്തെക്കുറിച്ചുള്ള അവതരണം, മാധ്യമ ചർച്ച, പുതിയ ചാപ്റ്റർ രൂപീകരണം, നയപ്രഖ്യാപനം എന്നിവ നടക്കുമെന്ന് രക്ഷാധികാരി പാസ്റ്റർ കെ.സി. ജോൺ, ചെയർമാൻ സി.വി. മാത്യു എന്നിവർ അറിയിച്ചു.

പാസ്റ്റർ കെ.സി. ജോൺ, സി.വി. മാത്യു, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, എക്സിക്യൂട്ടിവ് ബോർഡംഗങ്ങളായ പാസ്റ്റർമാരായ അച്ചൻകുഞ്ഞ് ഇലന്തൂർ, സി.പി. മോനായി, എം.വി. ഫിലിപ്പ്, സിസ്റ്റർ സ്റ്റാർലാ ലൂക്ക് എന്നിവർ പങ്കെടുക്കും.

അമേരിക്കയിലെ എക്സിക്യൂട്ടിവ് അംഗങ്ങളായ മാധ്യമ പ്രവർത്തകർ റോയി വാകത്താനം, കുര്യൻ ഫിലിപ്പ്, ഷാജി കാരയ്ക്കൽ, വെസ്ളി മാത്യു, ഉമ്മൻ എബനേസർ, നിബു വെള്ളവന്താനം, രാജൻ ആര്യപ്പള്ളി, ജോർജ് ഏബ്രഹാം എന്നിവർ നേതൃത്വം നല്കും.

ഡാലസിൽ നടക്കുന്ന ഗ്ലോബൽ മീറ്റിനു ശേഷം ജനുവരിയിൽ യു.എ.ഇ യിലും ഫെബ്രുവരിയിൽ ബോംബെയിലും ഗ്ലോബൽ മീറ്റുകൾ നടക്കും.

മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ഫാമിലി മീറ്റ്, അന്തർദേശീയ എഴുത്ത് ശില്പശാല, മാധ്യമ പുരസ്കാരം, അന്തർദേശീയ ബുക്ക് പ്രസാധനം, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന എഴുത്തുകാർക്കും മാധ്യമ പ്രവർത്തകർക്കുമുള്ള ക്ഷേമപ്രവർത്തനങ്ങൾ, പുതിയ ചാപ്റ്റർ രൂപീകരണം, അംഗീകൃത ഐഡൻറിറ്റി കാർഡ് വിതരണം തുടങ്ങിയവയാണ് ഈ പ്രാവശ്യത്തെ പ്രധാന പ്രവർത്തനങ്ങളെന്ന് മീഡിയ ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, ജനറൽ കോർഡിനേറ്റർ ടോണി ഡി. ചെവ്വൂക്കാരൻ എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു.

അമേരിക്കയിൽ നടക്കുന്ന ഗ്ലോബൽ മീറ്റിന്റെ പ്രധാന ചുമതല സെക്രട്ടറി ഫിന്നി രാജു ഹൂസ്റ്റൺ നിർവഹിക്കും.

ഐപിസി ഫാമിലി കോൺഫറൻസ് ഭാരവാഹികളായ ഡോ. ബേബി വർഗീസ് (നാഷണൽ കൺവീനർ), അലക്സാണ്ടർ ജോർജ് (നാഷണൽ സെക്രട്ടറി), ജയിംസ് മുളവന (നാഷണൽ ട്രഷറാർ), നാൻസി ഏബ്രഹാം (ലേഡീസ് കോർഡിനേറ്റർ) എന്നിവർ മുഖ്യാതിഥികളായിരിക്കും.

# പ്രാർത്ഥനാദിനം

(1-ാം പേജ് തുടർച്ച)

കൊണ്ടോ തീ ഇറങ്ങുകയില്ല. അതിന്റെ പുറകിൽ പ്രാർത്ഥിക്കുന്ന ഹൃദയമുണ്ടാവണം.

ഓരോ കുടുംബത്തിന് ഓരോ പേരുണ്ട്. അത് നമ്മുടെ ഐഡന്റിറ്റിയാണ്. എ.ജിയും, ഐ.പി.സിയും ചർച്ച് ഓഫ് ഗോഡും ഇതര പെന്തെക്കോസ്തു സഭകളും അവരവരുടെ ഐഡന്റിറ്റി നിലനിർത്തുമ്പോൾ തന്നെ വിശാലമായ ദൈവകുടുംബത്തിലെ അംഗങ്ങളാണ് നാം. ആ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഒന്നിച്ച് പ്രാർത്ഥിക്കുവാൻ തയ്യാറായാൽ നമ്മുടെ സ്വർഗീയ പിതാവിന് അതിൽ കൂടുതൽ സന്തോഷം വേറെ ഉണ്ടാവുകയില്ല.

ഇന്ന് ഭാരതത്തിൽ ക്രൈസ്തവർ പ്രത്യേകിച്ച് പെന്തെക്കോസ്തുകാർ നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. എല്ലാ എതിർപ്പുകളുടെയും പിന്നിൽ ഒരു അന്ധകാരശക്തി പ്രവർത്തിക്കുന്നുണ്ട്. ആ സാത്താന്യശക്തി നിർവീര്യമാകണമെങ്കിൽ നാം ഒന്നിച്ച് പ്രാർത്ഥിച്ചേ മതിയാകുകയുള്ളൂ. പീഡിപ്പിക്കാൻ വരുന്നവർ പൗലോസിനെപ്പോലെ പീഡിതരുടെ വക്താവായി മാറുന്നത് നാം കാണും. നാം മുട്ടുമടക്കുമ്പോൾ, നിലവിളിക്കുമ്പോൾ, ഐക്യതപ്പെടുമ്പോൾ അഗ്നി ഇറങ്ങും, ശക്തമായ ദൈവസാന്നിധ്യം നമുക്ക് അനുഭവിക്കാനാവും.

ഏപ്രിൽ 10 അക്ഷരാർത്ഥത്തിൽ തീ ഇറങ്ങുന്ന ദിവസമായി മാറും. തീ കത്തുമ്പോൾ അതിനോട് എതിർത്ത് നിൽക്കാൻ ഒരു ശക്തിക്കും സാധിക്കയില്ല. ശലോമോൻ പ്രാർത്ഥിച്ചപ്പോൾ ഇറങ്ങിവന്ന് സംസാരിച്ച ദൈവം കാലാകാലങ്ങളിലായി തന്റെ ഭക്തന്മാരുടെ പ്രാർത്ഥനയുടെ മുന്നിൽ ഇറങ്ങിവന്നതായി, അവരോട് സംസാരിച്ചതായി വചനം ഉറപ്പു നൽകുന്നു. നമ്മൾ ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവം ഇറങ്ങിവന്ന് സംസാരിക്കും. ആ ശബ്ദത്തിന് നമുക്ക് കാതോർക്കാം. എല്ലാ ദൈവസഭകളും ദൈവദാസന്മാരും ദൈവജനവും ഒരുമിച്ച് തിരുവല്ലയിൽ ഒത്തുകൂടാം. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും.

# അഖിലേന്ത്യ പെന്തെക്കോസ്തു ഐക്യവേദി വാർഷിക സമ്മേളനം ഏപ്രിൽ 24–ന്

**കൊട്ടാരക്കര**: വിവിധ പെന്തെക്കോസ്ത് സഭാസംഘടനകളിൽ അംഗങ്ങളായ പെന്തെക്കോസ്ത് പാസ്റ്റർമാരുടെയും വിശ്വസികളുടെയും സംയുക്ത കൂട്ടായ്മയായ അഖിലേന്ത്യ പെന്തെക്കോസ്തു ഐക്യവേദിയുടെ (എപിഎ) മൂന്നാമത് വാർഷിക സമ്മേളനവും സുവിശേഷറാലിയും ഏപ്രിൽ 24ന് കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരി ഓഡിറ്റോറിയത്തിൽ നടക്കും. അഖിലേന്ത്യാ പെന്തെക്കോസ്തു ഐക്യവേദി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.പി. ശശി സമ്മേളനം ഉത്ഘാടനം ചെയ്യും. വനം വകുപ്പ് മന്ത്രി ശ്രീ. കെ. രാജു, പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്നിവർ മുഖ്യാതിഥികളായിരിക്കും. എപിഎ നാഷണൽ പ്രസിഡന്റ് പാസ്റ്റർ ബിജു ഡൊമനിക് അദ്ധ്യക്ഷത വഹിക്കും.

ശ്രീ. പ്രേമചന്ദ്രൻ എം.പി., ശ്രീമതി ഐഷ പോറ്റി എംഎൽഎ, കൊട്ടാരക്കര മുൻസിപ്പൽ ചെയർപേഴ്സൻ ശ്രീമതി ബി. ശ്യാമളാമ്മ, ഡോ.പി. എസ്. ഫിലിപ്പ്, ഡോ. ടി.ജി. കോശി, പാസ്റ്റർമാരായ ഒ.എം. രാജുകുട്ടി, ജോസ് ബേബി, വി.എ. സണ്ണി, ഷിമോൻ, ജോയികുട്ടി, ഡാനിയേൽ ജോർജ്ജ്, വി.വൈ. തോമസ്, എഫ്. രാജൻ, എബ്രഹാം മാത്യു, ബ്രദർ അലക്സാണ്ടർ തുടങ്ങിയവർ പ്രസംഗിക്കും.

2.30 ന് കൊട്ടാരക്കരയിൽ നിന്നും ആരംഭിക്കുന്ന റാലി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഫ്ളാഗ് ഓഫ് ചെയ്യും. സുവിശേഷയോഗത്തിൽ പാസ്റ്റർ ജെയ്സ് പാണ്ടനാട് പ്രഭാഷണം നടത്തും. സമ്മേളനത്തിന് മുന്നോടിയായി ഏപ്രിൽ 22 കൊട്ടാരക്കരയിലും പരിസര പ്രദേശങ്ങളിലും ബൈക്ക റാലി നടക്കും. പാസ്റ്റർ ക്രിസ്ത്യൻ ജോൺ ജനറൽ കൺവീനറും പാസ്റ്റർ സജി ചാക്കോ ചീഫ് ചെയർമാനുമായുള്ള വിപുലമായ കമ്മിറ്റി സമ്മേളനത്തിനു നേതൃത്വം നൽകുന്നു.

*പാസ്റ്റർ ഡി. കുഞ്ഞുമോൻ*

# ഡോ. സിന്നു സൂസൻ തോമസിന് ഗാന്ധിയൻ യുവ സാങ്കേതിക പുരസ്കാരം ലഭിച്ചു




ന്യൂഡൽഹി: ഡോ. സിന്നു സൂസൻ തോമസിനു ഗാന്ധിയൻ യുവ സാങ്കേതിക കണ്ടുപിടുത്തത്തിനുള്ള പുരസ്കാരം ലഭിച്ചു. ഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാം നാഥ് കോവിന്ദിൽ നിന്നും പുരസ്കാരം ഏറ്റ് വാങ്ങി. റോഡപകടങ്ങൾ വീഡിയോയിലൂടെ കണ്ട് ഗുണവിശേഷങ്ങൾ മനസിലാക്കാം എന്ന വിഷയത്തിനാണ് പുരസ്കാരം ലഭിച്ചത്.

ഐപിസി പെരുമ്പാവൂർ സെന്റർ തൃക്കളത്തൂർ സഭാവിശ്വാസിയായ സിന്നു രാജസ്ഥാനിലെ കോട്ടയിൽ നിന്ന് B.Tech., സൂറത്ത്കൽ എൻഐറ്റിയിൽ നിന്ന് M.Tech നും ശേഷം കാൺപുർ ഐഐറ്റിയിൽ നിന്ന് PhDയും കരസ്ഥമാക്കി. സുവിശേഷതല്പരയായ സിന്നു വിവിധ ഭാഷക്കാരായ വിദ്യാർഥികളെ കൂട്ടി ക്യാംപസിനകത്ത് പ്രാർഥനാ ഗ്രൂപ്പുകൾ ആരംഭിച്ചു. ഐഐറ്റി ഫെലോഷിപ്പ് കോഓർഡിനേറ്ററായിരുന്നു.

ഭർത്താവ് അനീഷ് എം.പോൾ എറണാകുളം ബിഎസ്എൻഎൽ സബ്ഡിവിഷൻ എഞ്ചിനിയറാണ്. മൂവാറ്റുപുഴ, വാഴക്കുളം വിശ്വജ്യോതി എൻഞ്ചിനിയറിംങ്ങ് കോളേജിൽ അസോസിയേറ്റ് പ്രഫസർ ആയി ഡോ. സിന്നു പ്രവർത്തിക്കുന്നു. മക്കൾ. ജോനാഥാൻ, ജോവാൻ.

*വാർത്ത: ചാക്കോ കെ തോമസ്*

▸▸ 12 മണിക്കൂർ തുടർമാന പ്രാർത്ഥന ▸▸ എല്ലാ പെന്തെക്കോസ്ത് സഭാനേതാക്കളും സംയുക്തമായി നേതൃത്വം നൽകുന്നു. ▸▸ പതിനായിരക്കണക്കിന് ദൈവജനം ഒന്നിച്ചുകൂടുന്നു. ▸▸ വിപുലമായ ക്രമീകരണങ്ങൾ ▸▸ അതിവിശാലമായ പന്തൽ ▸▸ പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം

# ദേശീയ പ്രാർത്ഥനാദിനം

## 2018 ഏപ്രിൽ 10 ചൊവ്വ

## (രാവിലെ 8 മുതൽ വൈകിട്ട് 8 വരെ)

## പബ്ലിക് സ്റ്റേഡിയം, തിരുവല്ല

## വരൂ നമുക്കൊരുമിച്ച് മുട്ടു മടക്കാം

### പ്രാർത്ഥനാവിഷയങ്ങൾ! ലക്ഷ്യങ്ങൾ!

◆ ഭാരതം പുരോഗതിയിലേക്കും ഐശ്വര്യത്തിലേക്കും ദൈവത്താൽ നയിക്കപ്പെടണം. ◆ ഭീകരാക്രമണങ്ങൾ, വിധ്വംസക പ്രവർത്തനങ്ങൾ, പകർച്ചവ്യാധികൾ, ധാർമ്മിക അധഃപതനം, വർഗീയത, ലഹരി ഉപയോഗം, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങി രാജ്യം നേരിടുന്ന എല്ലാ വെല്ലുവിളികളിൽ നിന്നും ഭാരതം വിടുവിക്കപ്പെടേണ്ടതിന്. ◆ രാജ്യത്താകമാനം പെന്തെക്കോസ്ത് സഭകളിൽ ആത്മീയ ഉണർവ് ഉണ്ടാകണം. ◆ പെന്തെക്കോസ്ത് സഭകൾ തമ്മിൽ ഐക്യത രൂപപ്പെടണം. ◆ യുവജനങ്ങൾ ദൈവവചനത്തിലേയ്ക്ക് തിരിയണം. ◆ ക്രൈസ്തവ സഭകൾക്കും സുവിശേഷകർക്കും എതിരായി രാജ്യത്ത് വർധിച്ചു വരുന്ന അക്രമങ്ങൾക്കും അസഹിഷ്ണുതയ്ക്കും എതിരെ. ◆ രാജ്യമെങ്ങും ആരാധനാ സ്വാതന്ത്ര്യം നഷ്ടമാകാതിരിക്കേണ്ടതിന് ◆ സുവിശേഷീകരണത്തിന് തടസ്സങ്ങളുണ്ടാകാതിരിക്കേണ്ടതിന്

### പ്രാർത്ഥനയിൽ പങ്കെടുക്കുന്നവരുടെ ശ്രദ്ധക്ക്

1. പ്രാർത്ഥനാ സംഗമം രാവിലെ 8 മണിക്ക് ആരംഭിക്കുകയും രാത്രി 8 മണിക്ക് അവസാനിക്കുകയും ചെയ്യും. തുടർമാനമായി 12 മണിക്കൂർ നടക്കുന്ന പ്രാർത്ഥനയിൽ നിങ്ങൾക്ക് ഏതു സമയത്തും പ്രവേശിക്കാവുന്നതാണ്.
2. പ്രാർത്ഥനക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന് അറിയിച്ചിരുന്നു. പ്രാർത്ഥനയിൽ പങ്കെടുക്കുന്നതിന് ഫീസില്ല. എന്നാൽ വരുന്നവർക്കെല്ലാം ഭക്ഷണം ഒരുക്കുന്നതിന് ഏകദേശം വരുന്നവരുടെ സംഖ്യ കണക്കാക്കുന്നതിന് വേണ്ടി മാത്രമാണ് മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ വച്ചിരിക്കുന്നത്. രജിസ്റ്റർ ചെയ്യാത്തവർക്കും പ്രാർത്ഥനയിൽ പങ്കെടുക്കുന്നതിന് തടസ്സമില്ല.
3. ഈ പ്രാർത്ഥനയിൽ ഉപവാസത്തോടെ പങ്കെടുക്കുന്നതിന് തടസ്സമില്ല. എന്നാൽ പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം നൽകുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ രാവിലെയും വൈകുന്നേരവും ചായയും ഇടക്ക് കുടിവെള്ളവും നൽകുന്നതാണ്.
4. പ്രാർത്ഥന മുൻകൂട്ടി ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനാ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. പ്രാർത്ഥനാ വിഷയങ്ങൾ ഉൾപ്പെടുത്തിയ പ്രെയർ ഡയറി എല്ലാവർക്കും നൽകുന്നതായിരിക്കും.
5. പ്രാർത്ഥനാ സംഗമത്തിൽ പങ്കെടുക്കാൻ വരുന്നവർക്ക് റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിൽ നിന്നും സമ്മേളന സ്ഥലത്തെത്തുവാൻ വാഹന സൗകര്യം ഉണ്ടായിരിക്കും.
6. ദൂര സ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് പുലർച്ച മുതൽ പ്രഭാത കൃത്യങ്ങൾ നിർവ്വഹിക്കുവാനും, വിശ്രമിക്കുവാനും വിവിധ കേന്ദ്രങ്ങളിൽ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.
7. പ്രാർത്ഥന നടക്കുന്ന സ്റ്റേഡിയത്തിന്റെ സമീപത്ത് വിശാലമായ രണ്ട് ഗ്രൗണ്ടുകൾ പാർക്കിങ്ങിന് വേണ്ടി ക്രമീകരിച്ചിട്ടുണ്ട്. ആ ഗ്രൗണ്ടുകൾ നിറഞ്ഞു കഴിഞ്ഞാൽ കോഴഞ്ചേരി ഭാഗത്തു നിന്ന് വരുന്ന കാറുകൾ മഞ്ഞാടിയിൽ ജോസീസ് ജംഗ്ഷനിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് ഐ. പി. സി. പ്രെയർ സെന്റർ ഗ്രൗണ്ടിൽ പാർക്ക് ചെയ്യാം.
എം.സി.റോഡ് വഴി വരുന്ന വാഹനങ്ങൾ വടക്ക് ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിലും തെക്കു ഭാഗത്തു നിന്ന് വരുന്ന വാഹനങ്ങൾ മഴുവങ്ങാട് ചിറയിലെ പണിതുകൊണ്ടിരിക്കുന്ന ബൈപ്പാസ് റോഡിലും പുഷ്പഗിരി മെഡിക്കൽ കോളജിന്റെ പുറകുവശത്തുള്ള റോഡിന്റെ സൈഡിലും പാർക്ക് ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ള എല്ലാ പാർക്കിങ്ങ് ഏരിയായിൽ നിന്നും സ്റ്റേഡിയത്തിലേക്ക് വാഹന സൗകര്യമുണ്ടായിരിക്കും.
8. പന്തൽ, ഭക്ഷണം, ഇതര ക്രമീകരണങ്ങൾ എന്നിവക്കായി ലക്ഷക്കണക്കിന് രൂപാ ചിലവ് പ്രതീക്ഷിക്കുന്നു. നിർബ്ബന്ധിത പിരിവുകളൊന്നും ഈ ആവശ്യങ്ങൾക്കായി നടത്തുന്നില്ല. എന്നാൽ സഭകളും വ്യക്തികളും നിങ്ങളാൽ സാധിക്കും വിധമുള്ള ഒരു തുക ഈ ആവശ്യത്തിനായി സംഭാവനയായി നൽകി സഹകരിക്കണമെന്ന് ഓർപ്പിക്കുന്നു.
7. സംഭാവനകൾ പ്രാർത്ഥനാ ദിനത്തിന് മുൻപ് തിരുവല്ല വൈ.എം.സി.എ.ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഓഫീസിൽ എത്തിക്കുക. പ്രാർത്ഥനാ ദിവസം പന്തലിന്റെ സമീപേ പ്രവർത്തിക്കുന്ന ഓഫീസിലും പണം അടക്കാനുള്ള സൗകര്യമുണ്ടായിരിക്കും.
8. പ്രാർത്ഥനാ ദിനത്തിന്റെ വരവു-ചിലവു കണക്കുകൾ രണ്ടാഴ്ചക്കകം പരസ്യപ്പെടുത്തുന്നതായിരിക്കും.

media partner POWERVISION



പാസ്റ്റർ ജേക്കബ് ജോണിന് ദൈവം നൽകിയ ഒരു പ്രത്യേക നിയോഗത്തെത്തുടർന്ന് ഏപ്രിൽ 10-ാം തീയതി തിരുവല്ലയിൽ വച്ച് 12 മണിക്കൂർ ദേശീയ പ്രാർത്ഥന ക്രമീകരിച്ചിരിക്കുകയാണ്. എല്ലാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെയും നേതാക്കന്മാരായ കർതൃദാസന്മാർ ഒന്നിച്ചാണ് ഈ തീരുമാനം എടുത്തത്. ഈ പ്രാർത്ഥനയെ ദൈവജനം ഗൗരവമായി എടുക്കുകയും നമ്മുടെ മറ്റെല്ലാ കാര്യങ്ങളും മാറ്റിവെച്ച് ഈ പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ഉത്സാഹിക്കുകയും ചെയ്യണമെന്ന് ഓർപ്പിക്കുന്നു. ഏപ്രിൽ 10-ന് തിരുവല്ലയിൽ എത്തിച്ചേരുക. നമുക്കൊരുമിച്ച് ദൈവസന്നിധിയിൽ മുട്ടുമടക്കാം.

ഈ സമ്മേളനത്തിന് എത്തുന്ന എല്ലാവർക്കും ഭക്ഷണവും മറ്റു ക്രമീകരണങ്ങളും സംഘാടകർ ഒരുക്കുന്നുണ്ട്. വലിയൊരു തുക ഈ ആവശ്യത്തിനായി ചിലവു വരും. ദൈവാത്മാവ് പ്രേരിപ്പിക്കുന്നതു പോലെ വ്യക്തിപരമായോ സഭകളായോ ഈ ആവശ്യത്തിന് വേണ്ടി സാമ്പത്തികമായി സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**പാസ്റ്റർ കെ.സി.തോമസ്,** *പ്രസിഡന്റ്, ഐ.പി.സി. കേരളാ സ്റ്റേറ്റ്*



യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം

2018 ഏപ്രിൽ 10-ന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുവാൻ പോകുന്ന ദേശീയ പ്രാർത്ഥനാ സംഗമത്തിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. കേരളത്തിലെ എല്ലാ പെന്തെക്കോസ്ത് സഭകളുടെയും നേതാക്കളൊരുമിച്ച് ഈ പ്രാർത്ഥനക്കായി കൈ കോർക്കുന്നു.

**എല്ലാവരും ഈ മഹാനിയോഗത്തിന്റെ ഭാഗമാകുകയും ഏപ്രിൽ 10-ന് തിരുവല്ലയിൽ എത്തിച്ചേരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.** ദൈവദാസന്മാർ സഭയിൽ ഈ കാര്യങ്ങൾ വിശദമായി പറയുകയും ദൈവജനത്തെ ഉത്സാഹിപ്പിക്കുകയും ചെയ്യുമെല്ലോ.

പ്രാർത്ഥനക്കായി വിശാലമായ പന്തലും മറ്റ് സംവിധാനങ്ങളും ഒരുക്കുന്നുണ്ട്. കൂടാതെ അന്ന് എത്തിച്ചേരുന്ന സകല ജനങ്ങൾക്കും ഭക്ഷണം നൽകാനും ആഗ്രഹിക്കുന്നു. ലക്ഷക്കണക്കിന് രൂപാ ഈ ആവശ്യങ്ങൾക്ക് ചിലവ് വരും എന്നത് ഏവർക്കും അറിയാമല്ലോ. ഈ ആവശ്യത്തിന് വേണ്ടി നിർബ്ബന്ധിത പിരിവുകൾ ഒന്നും ഒരു സഭയിലും നടത്തുന്നില്ല. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ നല്ല പ്രവർത്തിക്കായി ചുമൽ കൊടുക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നെങ്കിൽ നിങ്ങളാൽ കഴിയുന്ന ഒരു തുക പ്രാർത്ഥനാ ദിനത്തിന്റെ ചിലവുകൾക്കായി നൽകണമെന്ന് അപേക്ഷിക്കുന്നു.

**ലോക്കൽ സഭകളായും വ്യക്തികളായും സാമ്പത്തിക ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുക. സംഭാവനകൾ ഏപ്രിൽ 10 ന് മുൻപ് തിരുവല്ലയിലുള്ള ഓഫീസിൽ എത്തിക്കുകയോ ദേശീയ പ്രാർത്ഥനാ ദിനത്തിൽ പന്തലിൽ പ്രവർത്തിക്കുന്ന കൗണ്ടറിൽ അടക്കുകയോ ചെയ്യാം. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.**

**നാം അല്ലെങ്കിൽ പിന്നെ ആര്? ഇപ്പോളല്ലെങ്കിൽ പിന്നെ എപ്പോൾ!**

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട്
ക്രിസ്തുവിൽ നിങ്ങളുടെ

**പാസ്റ്റർ ജേക്കബ് ജോൺ**
*ഐ.പി.സി. ജനറൽ പ്രസിഡന്റ്*



ഏപ്രിൽ 10-ാം തീയതി ചൊവ്വാഴ്ച തിരുവല്ലാ പബ്ലിക് സ്റ്റേഡിയത്തിൽ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനയിൽ നിങ്ങൾ എല്ലാവരും വന്ന് സംബന്ധിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇൻഡ്യാ മഹാരാജ്യം ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നതിനായും, നാം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വെല്ലുവിളികളിന്മേൽ, ദൈവപ്രവൃത്തി ദൈവജനത്തിനുവേണ്ടി ശക്തമായി പ്രത്യക്ഷമാകുന്നതിനായും, സഭാവിഭാഗവ്യത്യാസമെന്യേ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനുമായി ശുശ്രൂഷകന്മാരും വിശ്വാസികളും വന്നുചേരുമല്ലോ? എല്ലാ സഭകളുടെയും ആത്മാർത്ഥമായ സഹകരണവും സാമ്പത്തീക സഹായവും നൽകി ഈ പ്രാർത്ഥനാ കൂട്ടായ്മ വിജയകരമാക്കുവാൻ ഉത്സാഹിക്കേണമേ.

**റവ. ഡോ. പി. എസ് ഫിലിപ്പ്**
*എ.ജി. മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട്*



സഭാ വിഭാഗ വ്യത്യാസമില്ലാതെ ദൈവജനം പ്രാർത്ഥനക്കായി ഒരുമിച്ചു കൂടുന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഭാരതത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷത്തിൽ രാജ്യത്തിന് വേണ്ടി പ്രാർത്ഥിക്കാനുള്ള ഉത്തരവാദിത്തം ദൈവസഭക്കുണ്ട്.

ഏപ്രിൽ 10-ന് തിരുവല്ലയിൽ നടക്കുന്ന പ്രാർത്ഥനാ സമ്മേളനത്തിൽ ദൈവസഭയുടെ എല്ലാ ശുശ്രൂഷകന്മാരും ദൈവജനവും പങ്കെടുക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. ഈ സമ്മേളനത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി നിങ്ങളാൽ കഴിയുന്ന ഒരു സഹായവും നൽകണമെന്ന് ഓർപ്പിക്കുന്നു. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

**പാസ്റ്റർ സി.സി.തോമസ്**
*ഓവർസിയർ, ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ്*



രാജ്യം ഗുരുതരമായ രാഷ്ട്രീയ, സാമൂഹ്യ പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന പ്രത്യേക കാലത്താണ് നാം ജീവിക്കുന്നത്. സ്വാതന്ത്ര്യത്തോടെ ദൈവാരാധനയും സുവിശേഷ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള സാഹചര്യം അഭംഗുരം നിലനില്ക്കേണ്ടത് വിശ്വാസി സമൂഹത്തിന്റെ ആവശ്യവും അവകാശവുമാണ്. ജാതിമത ചിന്തകൾക്കതീതമായി, രാജ്യത്തിന്റെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യമാക്കി രാജ്യത്തെ നയിക്കുവാൻ നമ്മുടെ ഭരണാധികാരികൾക്ക് കൃപ ലഭിക്കേണ്ടതിനും രാജ്യത്ത് സമാധാനം നിലനില്ക്കേണ്ടതിനും ദൈവജനം പ്രത്യേകം പ്രാർത്ഥിക്കേണ്ട സമയമാണിത്.

കേരളത്തിലെ വിവിധ പെന്തെക്കോസ്തു സഭാ വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ **ദേശീയ പ്രാർത്ഥനാദിനം തിരുവല്ലാ പബ്ലിക് സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതിന്** കർത്താവിൽ ശരണപ്പെട്ട് തീരുമാനിച്ചിട്ടുള്ള വിവരം നിങ്ങൾ ഏവരും ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ.

ശാരോൻ ഫെലോഷിപ്പിലെ എല്ലാ സഭകളും ശുശ്രൂഷകന്മാരും ഈ ശുശ്രൂഷയിൽ ആത്മാർത്ഥമായി സഹകരിച്ചും നിങ്ങളാൽ കഴിയുന്ന സാമ്പത്തിക സഹായം നല്കിയും പ്രാർത്ഥനാദിനം വിജയിപ്പിക്കേണം എന്ന് അറിയിക്കുന്നു.

**പാസ്റ്റർ ഡോ. റ്റി.പി. ഏബ്രഹാം**
*ആക്ടിംഗ് പ്രസിഡന്റ്*

**പാസ്റ്റർ ഫിന്നി ജേക്കബ്**
*ജനറൽ സെക്രട്ടറി*

***പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ***
*ജനറൽ കോർഡിനേറ്റർ*

**93495 00155, 90747 63874**

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ തെരെഞ്ഞെടുത്തു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് 2018-2020 വർഷത്തെക്കുള്ള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ തെരെഞ്ഞെടുത്തു. സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻ കുന്നിലാണ് തെരെഞ്ഞെടുപ്പ് നടന്നത്. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് ചീഫ് ഇലക്ഷൻ കമ്മീഷണർ ആയിരുന്നു. ആർക്കും ഒരു കുറ്റവും പറയുവാൻ സാധിക്കാത്ത രീതിയിൽ തികഞ്ഞ ആത്മീക നിലവാരത്തിൽ, അച്ചടക്കത്തോടെയും സമാധാന പൂർണമായ നിലയിൽ വോട്ടെണ്ണി കഴിഞ്ഞ് ആരാധനയോടും പ്രാർത്ഥനോടെയുമാണ് സമാപിച്ചത്.

ഈ വർഷത്തെ കൗൺസിൽ ഇലക്ഷനിൽ 33 ശുശ്രൂഷകന്മാരാണ് മത്സരത്തിനുണ്ടായിരുന്നത് ഇവരിൽ നിന്നും ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച 15 പേരെയാണ് കൗൺസിൽ അംഗങ്ങളായി തെരെഞ്ഞെടുത്തത്.

860 ശുശ്രൂഷകന്മാർ തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിച്ചപ്പോൾ 9 വോട്ടുകൾ അസാധുവായി മാറി. മൗണ്ട് സയോൺ ബൈബിൾ സെമിനാരി പ്രിൻസിപ്പാളും, തുരുവല്ല സിറ്റി ചർച്ച് പാസ്റ്ററും, യുഗാന്ത്യ സന്ദേശം വാർത്താപത്രിക ചീഫ് എഡിറ്ററുമായ റവ. ഡോ. ഷിബു കെ മാത്യു 571 വോട്ടുകൾ നേടി ഒന്നാം സ്ഥാനത്ത് എത്തി. നിയുക്ത കൗൺസിൽ അംഗങ്ങൾ പാസ്റ്റർമാരായ ഷിബു കെ മാത്യു, വിനോദ് ജേക്കബ്ബ്, വൈ. റെജി, എ.റ്റി. ജോസഫ്, ജെ. ജോസഫ്, തോമസ് എം. പുളിവേലിൽ, ജോസ് ബേബി, പി. എ ജെറാൾഡ്, റ്റി. എ ജോർജ്, ക്രിസ്റ്റഫർ റ്റി. രാജു, ഷിജു മത്തായി, ജോൺസൻ ദാനിയേൽ, കെ.ജി ജോൺ, വൈ മോനി, വി. പി തോമസ് എന്നിവരാണ്.

നിലവിലെ കൗൺസിലിന്റെ കാലവധി അവസാനിക്കുന്ന ജനുവരി 28നു ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന്റെ സമാപന സഭായോഗത്തിൽ ഓവർസിയർ റവ. സി.സി. തോമസ് ഔദ്യോഗിക ഫല പ്രഖ്യാപനം നടത്തി തെരെഞ്ഞെടുക്കപ്പെട്ടവരെ പുതിയ കൗൺസിൽ അംഗങ്ങളായി നിയമിക്കും.



ന്യൂ ഹോപ്പ് ബൈബിൾ കോളജ് ബിരുദദാന ശുശ്രൂഷ.

## ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ ഗ്രാഡുവേഷൻ നടന്നു

നിലമ്പൂർ: ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ 18 മത് ബിരുദദാന ശുശ്രൂഷ നടന്നു. ഡയറക്ടർ പാസ്റ്റർ ജോൺ ജോർജ് അധ്യക്ഷനായിരുന്നു. പാസ്റ്റർ സാജു ആൻഡ്രൂസ് പ്രാർത്ഥിച്ച് ആരംഭിച്ചു. സ്ഥാപക പ്രസിഡൻറ് പാസ്റ്റർ വി.ജെ. ജോർജ് ആമുഖ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ സാബു മത്തായി കാതേട്ട് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

സെറാമ്പൂർ കോളേജിന്റെ ബോർഡ് അംഗം പാസ്റ്റർ സിനോജ് ജോർജ് മുഖ്യ സന്ദേശം നൽകി. ഗ്രാഡുവേറ്റ് ചെയ്യുന്ന വിദ്യാർത്ഥികളെ രജിസ്ട്രാർ പാസ്റ്റർ ബിജു വർഗ്ഗീസ് പരിചയപ്പെടുത്തി. ഡയറക്ടർ പാസ്റ്റർ ജോൺ ജോർജ് സർട്ടിഫിക്കറ്റുകൾ വിതണം ചെയ്തു. പാസ്റ്റർ കെ. സി. ഉമ്മൻ ഗ്രാഡുവേറ്റു ചെയ്ത വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. അദ്ധ്യാപകൻ പാസ്റ്റർ ലിജോ തോമസ് പ്രധാന അവാർഡുകൾ പ്രഖ്യാപിച്ചു.

പാസ്റ്റർമാരായ ബിജോയ് കുര്യാക്കോസ്, ബാബു മഞ്ചേരി, ഷിബു ഫിലിപ്പ്, ഇവാ. സജി മത്തായി കാതേട്ട്, ജോജി മിഖായേൽ, സ്റ്റീഫൻ മാത്യു, സജി സി. ജേക്കബ്, ഫാദർ വി.വി. തോമസ്, തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ബ്രദർ ജയിംസ്സ് വർക്കി കൃതജ്ഞത അറിയിച്ചു. അടുത്ത വർഷത്തെ ക്ലാസുകൾ മെയ് 28ന് ആരംഭിക്കും.

## എബനേസർ ബൈബിൾ കോളേജ് ഗ്രാജുവേഷൻ

കടുത്തുരുത്തി: എബനേസർ ബൈബിൾ കോളജിന്റെ 49ാമതു ഗ്രാജുവേഷൻ സർവ്വീസ് മാർച്ച് ഒന്നിനു കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. വൈസ് പ്രിൻസിപ്പാൾ ഡോക്ടർ കെ.പി. സാം അധ്യക്ഷത വഹിച്ചു. റവ. റേ മില്ലർ (യുഎസ്എ) പ്രധാന സന്ദേശം നൽകി. വിവിധ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ 60 വിദ്യാർത്ഥികൾക്കു പ്രിൻസിപ്പാൾ പാസ്റ്റർ കെ.എസ്. ഏബ്രഹാം ബിരുദം നൽകി.

VISITING VISA
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.
GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281

## സുവിശേഷ യോഗങ്ങൾ

തിരുവല്ല: ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രിക്ട് സുവിശേഷ യോഗവും സംഗീത വിരുന്നും കിഴക്കൻ മൂത്തൂർ ചർച്ച് ഓഫ് ഗോഡ് സഭയിൽ നടത്തി. പാസ്റ്റർമാരായ റ്റി. എം. മാമ്മച്ചൻ, പോൾ ഗോപാലകൃഷ്ണൻ, ബി. മോനച്ചൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ കെ.വി. ഏബ്രഹാം ഇവിടെ പ്രവർത്തിക്കുന്നു.

തിരുവല്ല: ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രിക്ട് സുവിശേഷ യോഗവും സംഗീത വിരുന്നും നാട്ടുകടവ് സഭാ ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ സണ്ണി പി.സാമുവേൽ അധ്യക്ഷത വഹിച്ചു. പാസ്റ്റർ റ്റി.എം.മാമ്മച്ചൻ പ്രസംഗിച്ചു. ഹീലിംഗ് മെലഡീസ് ഗാന ശുശ്രൂഷ നടത്തി. പാസ്റ്റർ ജോൺ മാത്യു ഇവിടെ ശുശ്രൂഷിക്കുന്നു.

തിരുവല്ല: ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രിക്ട് സുവിശേഷ യോഗവും സംഗീത വിരുന്നും കാട്ടുനിലം ചർച്ച് ഓഫ് ഗോഡ് സഭയിൽ നടന്നു. പാസ്റ്റർ ജോർജ് വർഗീസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ ടി. എം.മാമ്മച്ചൻ പ്രസംഗിച്ചു. ഹീലിംഗ് മെലഡീസ് സംഗീതാരാധന നടത്തി. പാസ്റ്റർ എസ്.ജോസ് ഇവിടെ ശുശ്രൂഷിക്കുന്നു.

നിരണം: ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ യോഗവും സംഗീത വിരുന്നും നിരണം ചർച്ച് ഓഫ് ഗോഡ് സഭയിൽ നടന്നു. പാസ്റ്റർ ഇ.എസ്.ജോൺ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ടി.എം.മാമ്മച്ചൻ പ്രസംഗിച്ചു. ഹീലിംഗ് മെലഡീസ് ഗാന ശുശ്രൂഷക്ക് നേതൃത്വം വഹിച്ചു. പാസ്റ്റർ ജോർജ് വർഗീസ് ഇവിടെ ശുശ്രൂഷിക്കുന്നു.

പായിപ്പാട്: ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രികടിന്റെ സുവിശേഷ യോഗവും സംഗീത വിരുന്നും ചർച്ച് ഓഫ് ഗോഡ് വെള്ളാപ്പള്ളി സഭാ ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ തോമസ് ജോർജ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ടി.എം.മാമ്മച്ചൻ, പി.റ്റി.തോമസ് എന്നിവർ പ്രസംഗിച്ചു. ആർക്ക് എയ്ഞ്ചൽ വോയ്സ് സംഗീത ശുശ്രൂഷ നടത്തി. പാസ്റ്റർ സണ്ണി പി. സാമുവേൽ ഇവിടെ പ്രവർത്തിക്കുന്നു.



### കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

## പാതാളഗോപുരങ്ങൾ

എന്റെ ചില സ്നേഹിതന്മാർ മധ്യപ്രദേശിലെ ചില ഗ്രാമങ്ങളിൽ സുവിശേഷമറിയിക്കുവാൻ പോയി. ഗ്രാമക്കാർ ക്ഷണിച്ചതനുസരിച്ചായിരുന്നു അവരുടെ സന്ദർശനം. കഷ്ടാനുഭവ ആഴ്ചകളിൽ ഗ്രാമങ്ങൾ സന്ദർശിക്കുകയും പുതിയതായി വിശ്വാസത്തിലേക്ക് വന്നവരെ വചനത്തിൽ ഉറപ്പിക്കുകയും ചെയ്യുകയായിരുന്നു യാത്രയുടെ ലക്ഷ്യം. നിയമപരമായി അധികാരികളുടെ കയ്യിൽ നിന്നും അനുമതി വാങ്ങിയതിനു ശേഷമായിരുന്നു മീറ്റിംഗ് ക്രമീകരിച്ചിരുന്നത്.

രണ്ടാം ദിവസം ഉച്ചയായപ്പോൾ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ നേതൃത്വത്തിൽ മൂന്നു വാഹനങ്ങളിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരും മറ്റും വന്നു മീറ്റിംഗ് തടഞ്ഞു. മുൻകൂർ വാങ്ങിയ അനുമതിപ്പത്രം കാണിച്ചിട്ടൊന്നും വിലപ്പോകുന്നില്ല. നിങ്ങൾ ഗ്രാമത്തിന്റെ സമാധാന അന്തരീക്ഷം നശിപ്പിക്കുന്നു. പാവങ്ങളെ മതപരിവർത്തനം ചെയ്യുന്നു എന്ന് അവർ ആരോപിച്ച് പോലീസ് സ്റ്റേഷനിലേക്കു കൂട്ടിക്കൊണ്ടു പോകാൻ തീരുമാനിച്ചു. പുറത്തുനിന്നും വന്ന മലയാളി സുവിശേഷകന്മാരായിരുന്നു അവരുടെ ലക്ഷ്യം. പോലീസ് അകമ്പടിയോടെ സ്റ്റേഷനിലേക്കു കൊണ്ടുപോയപ്പോൾ ഇരുനൂറ്റി അമ്പതോളം വരുന്ന ആദിവാസി വിശ്വാസികൾ പോലീസുകാരെ തടഞ്ഞു. “ഇവർ ഞങ്ങളുടെ ഗ്രാമത്തിൽ വന്ന അതിഥികൾ ആണ്. ഞങ്ങൾ വിളിച്ചിട്ടാണവർ വന്നത്. ഇവരോടൊപ്പം ഞങ്ങളും വരുന്നു”. ജനം മുന്നോട്ടുവന്നപ്പോൾ അവരെ വിരട്ടിയോടിക്കാൻ പോലീസ് വാഹനത്തിൽ കരുതിയിരുന്ന ‘കുറുവടികൾ’ അവർ പോലീസുകാർക്ക് എറിഞ്ഞുകൊടുത്തു. വിശ്വാസികൾ ഒരടിപോലും പിന്നോട്ടു പോയില്ല. അവരുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ഭരണാധികാരികൾ മുട്ടുമടക്കി. ഒരു വൻജനാവലി തന്നെ പോലീസ് സ്റ്റേഷനിലേക്കു നടന്നു. അപ്പോൾ അതാ, അവർക്കെതിരായി ഉന്നത അധികാരികളുടെ വാഹനം വരുന്നു. അവർ ജനക്കൂട്ടത്തെ തടഞ്ഞു. ഒടുവിൽ, തദ്ദേശീയരായ മിഷനറിമാർ പോലീസ് സ്റ്റേഷനിൽ ഹാജരാകാൻ തീരുമാനിക്കുകയും ‘പുറത്തുനിന്നും വന്നവർ’ ഉടനടി ഗ്രാമം വിട്ടുപോകാൻ ആവശ്യപ്പെട്ടതനുസരിച്ച് എന്റെ സ്നേഹിതന്മാരായ ഷിബു ഡാനിയേലും ബിനോയ് ആലുവായും സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്കു മാറി, കാലിലെ പൊടി തട്ടിക്കളഞ്ഞിട്ട്!

ക്രൈസ്തവ പീഡനം സഭയ്ക്ക് പുത്തരിയൊന്നുമല്ല. ഒന്നാം നൂറ്റാണ്ടു മുതൽ ഇന്നുവരെ വിവിധ പീഡയിലൂടെ കടന്നുപോയിക്കൊണ്ടിരുന്ന ചരിത്രം എല്ലാവർക്കും അറിയാം. നീറോ കൈസർ സഭയെ പീഡിപ്പിച്ചിട്ടെന്തു പറ്റി? തീയിൽ കുരുത്തത് വെയിലത്തു വാടില്ല. മാറിവരുന്ന രാഷ്ട്രീയ പരിസ്ഥിതികൾ കണ്ട് നാം ഭയപ്പെടേണ്ടതില്ല. ഏതു ഗവണ്മെന്റ് മാറിമറിഞ്ഞുവന്നാലും മതതീവ്രവാദസംഘടനകൾ ശക്തമായി വന്നാലും നമുക്കെന്ത്?

ക്രൈസ്തവ പീഡയെക്കുറിച്ചുള്ള ഭയപ്പെടുത്തുന്ന വാർത്തകൾ പ്രചരിപ്പിച്ച് നമ്മെ നിഷ്ക്രിയരാക്കുന്നത് പിശാചിന്റെ തന്ത്രമാണ്. അതു സോഷ്യൽ മീഡിയയിലൂടെയാണെങ്കിലും നമ്മുടെ ഉപദേശിമാരുടെ പ്രസംഗത്തിലൂടെയാണെങ്കിലും! ഇല്ലാത്ത വാർത്തകൾ പ്രചരിപ്പിച്ച് ക്രിസ്തീയ പീഡനമാക്കുന്നു. നമുക്കു പോരാട്ടമുള്ളത് ഒരു രാഷ്ട്രീയ സംഘടനയോടൊ മതസംഘടനയോടോ ഒന്നുമല്ല, അവരൊക്കെ ചിലപ്പോൾ സാത്താന്റെ ഉപകരണങ്ങളായി മാറാറുണ്ട്. ഉപകരണങ്ങളോട് നമുക്കെന്തു വൈരി?

പീഡനം കൂടുന്നുവെന്നു തോന്നുന്നുവെങ്കിൽ നമുക്കു ഉൾമുറിയിലേക്കു കയറാം. ശത്രുവിനെതിരെയുള്ള ഏറ്റവും വലിയ ഉപകരണമാണ് പ്രാർഥന... പ്രാർഥനാ മുറിയിൽ മുട്ടുമടക്കിയാൽ വിജയം സുനിശ്ചിതം.

...ഞാൻ എന്റെ സഭയെ പണിയും;
പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല....

## പിഡബ്ലിയുസി സംസ്ഥാന സമ്മേളനം

തിരുവല്ല: പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ (പിസിഐ) വനിതാ വിഭാഗമായ പെന്തക്കോസ്തൽ വിമെൻസ് കൗൺസിലിന്റെ (പിഡബ്ലിയുസി) സംസ്ഥാന സമ്മേളനം എപ്രിൽ 23നു 9.30 മുതൽ 2 വരെ തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. പിസിഐ ജനറൽ പ്രസിഡണ്ട് കെ. എബ്രഹാം സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐബിസി അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ സ്റ്റാർലാ ലൂക്ക് സ്ത്രീകൾ സഭയിലും സമൂഹത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യസന്ദേശം നൽകും. പിഡബ്ലിയു സിയുടെ ചരിറ്റി വിഭാഗമായ “തബിഥാ മൂവ്മന്റ” പിസിഐ വർക്കിംഗ് പ്രസിഡണ്ട് എൻ. എം. രാജു ഉദ്ഘാടനം ചെയ്യും. പിഡബ്ലിയുസി ക്വയർ ഗാനങ്ങൾ ആലപിക്കും. പിസിഐ യുവജന വിഭാഗമായ പിവൈസി, പിഡബ്ലിയുസി ഭാരവാഹികളും പ്രവർത്തകരും പങ്കെടുക്കും.

## ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ്

കാട്ടാക്കട: ചർച്ച് ഓഫ് ഗോഡ് ഇവാഞ്ചലിസം ബോർഡിന്റെ സുവിശേഷ യോഗങ്ങൾ കാട്ടാക്കട, ചെമ്മണ്ണുവിള, കുരുതംകോട് എന്നിവിടങ്ങളിൽ മാർച്ച് 2-4 വരെ നടന്നു. പാസ്റ്റർ ടി.എം.മാമ്മച്ചൻ, തോമസ് മാമ്മൻ, പാസ്റ്റർ ടി. എം.വത്സലദാസ് എന്നിവർ പ്രസംഗിച്ചു. തിരുവനന്തപുരം ക്രൈസ്റ്റ് വോയ്സ് ഗാന ശുശ്രൂഷ നടത്തി.

# CHRISTIAN WORLD

Address
Christian World, Manganam P.O., Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH AT RMS KOLLAM

വില രൂ. 10/- Vol: 13 Issue No: 4 2018 April 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ




## മരണനിഴലിൻ താഴ്‌വരയിൽ


**അനുഭവം**
റീന ജോയ്, രാജ്കോട്ട്


ബ്രൂസില്ല ആന്റിബോഡി വൈറസ് എന്താണെന്നു നിങ്ങൾക്ക് അറിയാമോ? എനിക്കും അറിയില്ലായിരുന്നു. പാലിൽ നിന്നും പാലിന്റെ ഉല്പന്നത്തിൽ നിന്നും മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കു പകരുന്ന ഒരു വൈറസാണ് ബ്രൂസില്ല ആന്റിബോഡി.

ഈ രോഗം ഒരാൾക്കു പിടിപെട്ടാൽ പെട്ടെന്നു കണ്ടുപിടിക്കാൻ കഴിയില്ല എന്നതാണു ഏറ്റവും ബുദ്ധിമുട്ടിക്കുന്ന പ്രശ്നം. ഡിസംബർ അവസാന ആഴ്ചമുതൽ സഹിക്കാൻ കഴിയാത്ത കാലുവേദനയാൽ ഞാൻ ഭാരപ്പെട്ടു. ആദ്യം സ്വയചികിത്സ ചെയ്തു. കുറവാകാതിരുന്നപ്പോൾ ഓർത്തോപീഡിക് ഡോക്ടറെ കാണിച്ചു. മുടങ്ങാതെ ചികിത്സ, 'സൈറ്റിക്ക' എന്ന നിഗമനത്തിലെത്തി. പിന്നീടും അസുഖം ഭേദമാകുന്നില്ല. എംആർഐ ചെയ്തപ്പോൾ മനസ്സിലായി സൈറ്റിക്കയോ, വേരിക്കോസോ ഒന്നുമല്ലെന്ന്. പിന്നെന്തുപറ്റി. പിന്നീട് മെഡിക്കൽ ടെസ്റ്റുകളുടെ പ്രളയം തന്നെ. ഏകദേശം പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ നടക്കാൻ കഴിയാതെയായി. മുട്ടിനു താഴെ മുതൽ പാദംവരെ സഹിക്കാൻ പറ്റാത്ത വേദന. വേദനയുടെ തീവ്രതയെന്നു പറഞ്ഞാൽ വസ്ത്രംപോലും കാലിൽ മുട്ടാൻ കഴിയാത്തത്ര വേദന. രാത്രിയും പകലും ഉറക്കമില്ലായ്മ. വേദനകൊണ്ടു പുളയുന്ന ദിനരാത്രങ്ങൾ. ശരീരഭാരം കുത്തനെ കുറഞ്ഞു. പല ഡോക്ടറർമാരെ മാറിമാറി കാണിച്ചു. ഈ സമയംകൊണ്ട് രാജ്കോട്ടിലെ പ്രസിദ്ധനായ ഡോക്ടർ ഗൗരംഗ്ബുച്ചിന്റെ ശ്രമഫലമായി രോഗം സ്ഥിരീകരിച്ചു.

ബ്രൂസില്ല ആന്റിബോഡി ടെസ്റ്റ് പോസിറ്റീവ്. രോഗം എന്താണെന്നു കണ്ടുപിടിച്ചതോടെ അല്പം ആശ്വാസമായി. നീണ്ട ഇരുപത്തൊന്നു ദിവസത്തെ ഇൻജക്ഷൻ, തുടർന്നുള്ള ആറ് ആഴ്ചകൾ അതു ഗുളികയാക്കി. ഇൻജക്ഷൻ കൂടാതെ ഗുളികകൾ തന്നെ ദിവസവും പതിനാറെണ്ണം. രാവിലെയും വൈകിട്ടും ഡയബറ്റീസിന്റെ ഇൻജക്ഷൻ വേറെ. പൂർണമായ ബഡ്റെസ്റ്റ്. മിഷൻ ഇന്ത്യാകുടുംബം ഉൾപ്പെടെ ലോകത്തിന്റെ നാനാഭാഗത്തുനിന്നും പ്രാർഥിക്കുന്ന ദൈവമക്കൾ ഞങ്ങൾക്ക് ആശ്വാസമായി. എന്തുകഴിച്ചാലും ഛർദിക്കും. അപ്പോൾ ശരീരം ക്ഷീണിച്ചു തളർന്നുപോകുന്നതുപോലെയാകും. മരുന്നിന്റെ തീവ്രതയായിരിക്കാം. പ്രതീക്ഷകൾ എല്ലാം നഷ്ടപ്പെട്ടു. പൂർവസ്ഥിതിയിലേക്ക് എത്തേച്ചേരുമെന്ന ആശയെല്ലാം നശിച്ചു. ശരീരം നന്നേ ക്ഷീണിച്ചു. ഇതിനിടെ കേരളത്തിൽ നിന്നും ആയുർവേദ ചികിത്സയ്ക്കായി നിർബന്ധിക്കുന്ന ബന്ധുക്കൾ! "ബ്രൂസില്ല" എന്നു പറഞ്ഞാൽ വേണ്ടരീതിയിൽ മനസ്സിലാക്കാൻ കഴിയാത്ത പ്രിയപ്പെട്ടവരുടെ സ്നേഹത്തിനു മുൻപിൽ പതറിപ്പോയി.

ഏതായാലും കേരളത്തിൽ പോകണ്ട എന്നു തീരുമാനിച്ചു. ജീവിതത്തിന്റെ മുക്കാൽഭാഗവും ചെലവഴിച്ചത് ഇവിടെ ഗുജറാത്തിൽ തന്നെ. ഞങ്ങളുടെ പ്രിയപ്പെട്ടവരും ബന്ധുക്കളും സ്നേഹിതരും പ്രവർത്തനസ്ഥലവുമെല്ലാം ഇതുതന്നെ. അവസാന ആഗ്രഹം ഇവിടെ മരിച്ച് അടക്കപ്പെടണം. അത് എന്റെ ആത്മീയ പിതാവായ പാസ്റ്റർ ടി.കെ. ജോസഫിന്റെ കൈകൊണ്ട് (പാസ്റ്ററപ്പച്ചൻ, ഫെലോഷിപ്പ് ചർച്ച്, രാജ്കോട്ട്).

ഞാൻ രോഗത്താൽ മൂർഛിച്ചിരുന്ന സമയത്ത് അദ്ദേഹം ഇറ്റാർസിയിൽ ആയിരുന്നു. രാജ്കോട്ടിൽ എത്തിയ ഉടനെ വീട്ടിലെത്തി ഒരുമണിക്കൂറോളം എന്റെ കിടക്കയ്ക്ക് അരികിൽ ഇരുന്നു. ഒത്തിരി സംസാരിച്ചു. "നിന്നെ അടക്കാനല്ല, പ്രാർഥിച്ച് എഴുന്നേല്പിക്കാനാണ് വന്നത്" എന്ന് അദ്ദേഹം പറഞ്ഞു. പാസ്റ്ററമ്മാമ്മയുടെ നിറയുന്ന കണ്ണുകൾ എന്നും ഞങ്ങൾക്ക് പുതുജീവൻ തന്നിട്ടുണ്ട്. അവർ ഇരുവരും ആത്മാർഥതയോടെ എനിക്കുവേണ്ടി പ്രാർഥിച്ചു.

ദൈവനാമമഹത്ത്വത്തിനായി പറയട്ടെ, അദ്ദേഹം പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ എന്റെ ശരീരത്തിലൂടെ വൈദ്യുതി പ്രവഹിക്കുന്നതുപോലെ ഒരു അനുഭവം ഉണ്ടായി. രണ്ടു മാസങ്ങൾക്കുശേഷം ഞാൻ കിടക്കവിട്ട് എഴുന്നേറ്റു. വേദന മാറി പൂർണസൗഖ്യം പ്രാപിച്ചു. ഇപ്പോൾ ഞാൻ ആരോഗ്യവതിയായിരിക്കുന്നു. ശരീരക്ഷീണം മാറി പുഷ്ടിപ്രാപിച്ചുകൊണ്ടിരിക്കുന്നു. എല്ലാവർക്കും നന്ദി.

ദൈവനാമമഹത്ത്വത്തിനുവേണ്ടി മാത്രമാണ് ഈ സാക്ഷ്യം ഇവിടെ എഴുതിയത്. പ്രാർഥനകേൾക്കുന്ന ദൈവം ഇന്നും ജീവിക്കുന്നു എന്നു ജീവിതത്തിൽ ഒരുപ്രാവശ്യംകൂടി രുചിച്ചറിഞ്ഞു. ബ്രൂസില്ല ടെസ്റ്റുചെയ്യാൻ ഡോക്ടറെ തോന്നിപ്പിച്ചതും ദൈവമക്കളുടെ പ്രാർഥനകൊണ്ടാണ് എന്നു ഞാൻ വിശ്വസിക്കുന്നു.

തുടർന്നും കൃപയിൽ മുന്നേറാൻ നിങ്ങളുടെ പ്രാർഥന ചോദിക്കുന്നു.

## ശാരോൻ റൈറ്റേഴ്സ് ഫോറം ഏകദിന സാഹിത്യ ശില്പശാല ഏപ്രിൽ 7 ന്

തിരുവല്ല: ശാരോൻ റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിലുള്ള ഏകദിന സാഹിത്യശില്പശാല ഏപ്രിൽ 7നു രാവിലെ 9 മുതൽ 4 വരെ കൊട്ടാരക്കര ടൗൺ ശാരോൻ ചർച്ചിൽ നടക്കും. താലന്ത് പരിശോധനയും നടക്കും. മലയാള മനോരമ പത്തനംതിട്ട ജില്ലാ സീനിയർ സബ് എഡിറ്റർ ശ്രീ. വർഗീസ് തോമസ് മുഖ്യപ്രഭാഷണം നടത്തും. പ്രമുഖ എഴുത്തുകാർ അതിഥികളായി എത്തും. ശാരോനിലെ സാഹിത്യാഭിരുചിയുള്ള ആർക്കും ഈ സമ്മേളനത്തിൽ പങ്കെടുക്കാം. പ്രസിഡന്റ് പാസ്റ്റർ സാം റ്റി. മുഖത്തല, സെക്രട്ടറി പാസ്റ്റർ അനീഷ് കൊല്ലൻകോട് തുടങ്ങിയവർ നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങൾക്ക്: 7025057073, 9846968028.







Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode